# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P22/1110/2022 dt.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പട്ടാമ്പി മുനിസിപ്പാലിറ്റി

സർ,

വിഷയം : പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2.സെക്രട്ടറി,നഗരകാര്യ വകുപ്പ്,തിരുവനന്തപുരം
3.കാര്യാലയപകർപ്പ്

നമ്പർ: No.KSA PKD-P22/1110/2022 dt. തീയ്യതി: 18/06/2022

## പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 13-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്ശ്രീധർ | സീനിയർ ഡെപ്യൂട്ടിഡയറക്ടർ | 14-02-2022 | 26-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 26-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
യു.ബിജു ആന്റണി,ഓഡിറ്റ് ഓഫീസർ
കെ.പി.മുഹമ്മദ് ഫാറൂക്ക്,അസി.ഓഡിറ്റ് ഓഫീസർ
എ.ബി.സുരേഷ്,അസി.ഓഡിറ്റ് ഓഫീസർ

താരീഖ് എം.എസ്,സീനി.ഗ്രേഡ് ഓഡിറ്റർ
സരിത പി,സീനി.ഗ്രേഡ് ഓഡിറ്റർ
രാജൻ കെ.വി,സീനി.ഗ്രേഡ് ഓഡിറ്റർ
ജിജീഷ് ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എസ്.ബി.എ.തങ്ങൾ | ചെയർമാൻ | 01-04-2020 | 10-11-2020 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | ചെയർമാൻ | 11-11-2020 | 27-12-2020 |
| ശ്രീമതി.ഒ.ലക്ഷ്മിക്കുട്ടി | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ.ലതേഷ് കുമാർ വി.വി | സെക്രട്ടറി | 01-04-2020 | 16-08-2020 |
| ശ്രീ.വിജയകുമാർ.വി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-08-2020 | 26-10-2020 |
| ശ്രീ.അബ്ദുൾ നാസർ സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2020 | 15-11-2020 |
| ശ്രീ.ലതേഷ് കുമാർ വി.വി | സെക്രട്ടറി | 16-11-2020 | 25-01-2021 |
| ശ്രീ.വിജയകുമാർ.വി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-01-2021 | 23-02-2021 |
| ശ്രീ.നാസിം ഇ | സെക്രട്ടറി | 24-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സാജിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.മഹാലിംഗം. എസ് | പ്രിൻസിപ്പാൾ, ഗവ.ഹയർ.സെക്കണ്ടറി സ്കൂൾ | 01-04-2020 | 02-06-2020 |
| ശ്രീമതി. പ്രീത. കെ.ബി | പ്രിൻസിപ്പാൾ, ഗവ.ഹയർ.സെക്കണ്ടറി സ്കൂൾ | 03-06-2020 | 31-03-2021 |
| ഡോ.മുഹമ്മദ് അബ്ദുറഹ്മാൻ.യു.ടി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ.രാജശ്രീ.എസ് | മെഡിക്കൽ ഓഫീസർ, | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ശ്രീമതി. രാജലക്ഷ്മി,പി.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അബൂബക്കർ.വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്ജ്) | 01-04-2020 | 01-07-2020 |
| വിജയകുമാർ.വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 02-07-2020 | 31-03-2021 |
| ഡോ.നിഷ.എം.എൻ | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾ നാസർ. സി.കെ | ഹെൽത്ത് ഓഫീസർ | 01-04-2020 | 21-02-2021 |
| ശ്രീ. അഹ്ദുൾ സത്താർ. എം | ഹെൽത്ത് ഓഫീസർ | 22-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: T.K.Naseer (Audit Officer, On 17-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jijeesh (Senior Grade Auditor, On 04-05-2022)<br>Last Updated By: T.K.Naseer (Audit Officer, On 17-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jijeesh (Senior Grade Auditor, On 06-05-2022)<br>Last Updated By: T.K.Naseer (Audit Officer, On 17-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Saritha P (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Saritha P (Senior Grade Auditor, On 03-05-2022)<br>Last Updated By: Saritha P (Senior Grade Auditor, On 19-05-2022) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jijeesh (Senior Grade Auditor, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-10 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 18-05-2022) | 1-11 |
| 14 | കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-11-1 |
| 15 | അഭിഭാഷകരിൽ തൊഴിൽ നികുതി ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-11-2 |
| 16 | റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 03-05-2022) | 1-11-3 |
| 17 | വൈദ്യശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരിൽ നിന്നും തൊഴിൽ | 1-11-4 |

| | | |
|---|---|---|
| | നികുതി ഡിമാന്റ് ചെയ്യണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 03-05-2022) | |
| 18 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-11-5 |
| 19 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-11-6 |
| 20 | എം ഇ എസ്ഇൻറ്റർ നാഷണൽ സ്കൂളിന്റെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം നടത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 16-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-12 |
| 21 | ഷോപിങ് കോംപ്ലക്സ് ഉടമയിൽ നിന്നും വർഷങ്ങളോളമായി വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 16-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-13 |
| 22 | അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പരിശോധന നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 16-04-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 05-05-2022) | 1-14 |
| 23 | ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചതിൽ തുടരന്വേഷണം നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 16-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-15 |
| 24 | കട മുറികൾ വാടകക്ക് നൽകൽ - ചട്ട പ്രകാരം നടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-16 |
| 25 | വാടകക്കാരുമായി കരാർ പത്രം ചമച്ചിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-16-1 |
| 26 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വാടക ഇളവ് അനുവദിച്ചു<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-17 |
| 27 | ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക ഇളവ് അനുവദിച്ചത് - അനുമതി ലഭ്യമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-17-1 |
| 28 | ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ വാടകക്കാർക്ക് അനർഹമായ വാടക ഇളവ് അനുവദിച്ചു - രൂ.690090.00 നഷ്ടം.<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-17-2 |
| 29 | ബസ് സ്റ്റാന്റ് പിരിവിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 14-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-18 |
| 30 | കുടിവെള്ള പദ്ധതികൾ - വാട്ടർ ചാർജ്ജ് പിരിവ് കാര്യക്ഷമമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-19 |
| 31 | യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ - കുറവായി നിർണ്ണയിച്ചു<br>Written By: K.V.Rajan (Senior Grade Auditor, On 13-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 05-05-2022) | 1-20 |
| 32 | തനത് വരുമാന നിക്ഷേപത്തിനായി ഒരു അക്കൗണ്ട് മാത്രം | 1-21 |

| | | |
|---|---|---|
| | ഉപയോഗിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 14-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | |
| 33 | ക്യാഷ്ബുക്കും ഡേ ബുക്കും തമ്മിൽ വ്യത്യാസം- അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 14-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 08-05-2022) | 1-22 |
| 34 | നഗരസഭയിലെ പെൻഷൻ വിതരണ സമ്പ്രദായം അപാകങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 02-04-2022)<br>Last Updated By: Haseena KU (Computer Assistant, On 18-06-2022) | 1-23 |
| 35 | 'സുഭിക്ഷകേരളം- കിഴങ്ങ് വർഗ്ഗ കിറ്റ്'- മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 14-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-24 |
| 36 | കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്<br>Written By: A B Suresh (Asst. Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 18-06-2022) | 1-25 |
| 37 | വൌച്ചറുകൾക്കൊപ്പം സാംഖ്യ വൌച്ചറുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: A B Suresh (Asst. Audit Officer, On 13-03-2022)<br>Last Updated By: T.K.Naseer (Audit Officer, On 18-05-2022) | 1-26 |
| 38 | വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: A B Suresh (Asst. Audit Officer, On 13-03-2022)<br>Last Updated By: Haseena KU (Computer Assistant, On 18-06-2022) | 1-27 |
| 39 | അഗതിരഹിത കേരളം (ആശ്രയ പദ്ധതി)- പദ്ധതിവിഹിതം ഉപയോഗപ്പെടുത്തിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 02-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-28 |
| 40 | പി.എം.എ.വൈ പദ്ധതി - പുരോഗതി വിലയിരുത്തൽ<br>Written By: Saritha P (Senior Grade Auditor, On 02-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-29 |
| 41 | പദ്ധതി മാർഗരേഖയിൽ സൂചിപ്പിക്കാത്ത പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 25-02-2022)<br>Last Updated By: Biju Antony (Audit Officer, On 23-05-2022) | 1-30 |
| 42 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 25-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-31 |
| 43 | മാർഗനിർദേശങ്ങളിലെ നിബന്ധനകൾ പാലിക്കാതെ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നു.<br>Written By: Biju Antony (Audit Officer, On 04-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-32 |
| 44 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 02-03-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 08-05-2022) | 1-33 |

| | | |
|---|---|---|
| 45 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 02-03-2022)<br>Last Updated By: Haseena KU (Computer Assistant, On 18-06-2022) | 1-34 |
| 46 | മരാമത്ത് പ്രവൃത്തിയുടെ ഫയലുകളിൽ കാണുന്ന പൊതു അപാകതകൾ<br>Written By: Biju Antony (Audit Officer, On 04-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 1-35 |
| ഭാഗം **2** | | |
| 1 | യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ -കുറവായി നിർണ്ണയിച്ചു- രൂ.6020.00 നഷ്ടം<br>Written By: K.V.Rajan (Senior Grade Auditor, On 13-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 2-1 |
| 2 | ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ വാടകക്കാർക്ക് അനർഹമായ വാടക ഇളവ് - രൂ.690090.00 -തിരികെ ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 09-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 2-2 |
| ഭാഗം **3** | | |
| 1 | ബിറ്റുമിൻ ബാരൽ വില ഈടാക്കാതെ ഫൈനൽ ബിൽ നൽകിയിരിക്കുന്നു. നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 09-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 04-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 04-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: T.K.Naseer (Audit Officer, On 18-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 04-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 04-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 04-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21വർ ഷത്തെ ബജറ്റ് 28/03/2020 തിയ്യതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 121590537 | 281667513 | 403258050 | 290313762 | 112944288 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 09-06-2021 | ----- | ----- |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തുനികുതി പരിഷ്കരണം, സഞ്ചയയിലെ ഡാറ്റാ എൻട്രി എന്നിവ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ നിന്നും ലഭ്യമാകുന്ന വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമല്ല. ഈ സാഹചര്യത്തിൽ വാർഷിക ധനകാര്യ പത്രികയിലെ ഈ ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

2. റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. തൊഴിൽനികുതി രജിസ്റ്ററുകളിലെ സംക്ഷിപ്തം വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. റവന്യൂ വരവ്, ചെലവ് കൃത്യത പരിശോധിക്കാനുതകും വിധം രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

4.വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വാടക സംബന്ധമായ കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48149328 |
| ഓഡിറ്റ് വർഷത്തെ വരവ് | 138134287 |
| ആകെ | 186283615 |
| ചെലവ് | 159496603 |
| നീക്കിയിരിപ്പ് | 26787012 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10537360 | 10537360 | 10537341 | 19 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12505000 | 12505000 | 9310015 | 3194985 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 15090900 | 15090900 | 14010212 | 1080688 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 2907595 | 549086 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 0 | 3170000 | 3170000 | 0 | 3170000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) (ACR പ്രകാരം) | 0 | 7919890 | 7919890 | 313393 | 4785957 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| PMAY | 11134788 | 18097175 | 29231963 | 27226269 | 2005694 |
| NULM | 718410 | 509914 | 1228324 | 1065189 | 163135 |
| AUEGS | 155461 | 21404724 | 21560185 | 20252070 | 1308115 |
| TSC | 50587 | 1367 | 51954 | 0 | 51954 |
| Poverty Alleviation Fund | 152129 | 20110191 | 20262320 | 20156193 | 106127 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 313 | 227708113 | 153 | 55602032 | Nil | 160 | 48.88 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 7699062 | 3475570 | 45.14 |
| പ്രിൻസിപ്പൽ, GVHSS | 11 | 4 | 3839890 | 1686890 | 43.93 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 6401800 | 5765019 | 90.05 |
| സെക്രട്ടറി | 28 | 14 | 22185330 | 9109922 | 41.06 |
| മുനിസിപ്പൽ എഞ്ചിനിയർ | 220 | 104 | 45612783 | 19257939 | 42.22 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 8 | 8 | 4163428 | 3521530 | 84.58 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 600000 | 550000 | 91.66 |
| ഹെൽത്ത് ഓഫീസർ | 21 | 5 | 134497380 | 10823837 | 8.04 |
| വെറ്ററിനറി സർജൻ | 6 | 4 | 2708440 | 1411325 | 52.10 |
| ആകെ | 313 | 153 | 227708113 | 55602032 | 24.41 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| AUEGS | 154096 | സംസ്ഥാന വിഹിതം-20000000<br>പലിശ-110191 | 20264287 | കൂലിച്ചെലവ്-15874835<br>മറ്റീരിയൽ-1273040<br>അഡ്മിൻ -599990<br>മറ്റുള്ളവ-1208307 | 1308115 |
| ആകെ | 154096 | 20110191 | 20264287 | 18956172 | 1308115 |

### 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

നഗര മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും നഗര ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ആകെ 1785 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 475 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ നൽകാൻ സാധിച്ചത്. 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 115 ആണ്. മേഖല തിരിച്ചുള്ള ചെലവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെലവ് |
|---|---|---|
| 1 | ബി.പി.എൽ കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യം ഒരുക്കൽ | 744272 |
| 2 | പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം | 2393768 |
| 3 | അഴുക്കുചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണം | 7944149 |
| 4 | പി.എം.എ.വൈ ഭവന നിർമ്മാണം | 3232426 |
| 5 | ശുചിത്വം | 542424 |
| 6 | ക്ഷീരകർഷകരെ സഹായിക്കൽ | 706832 |
| 7 | മറ്റീരിയൽ വില | 1435004 |

| | | |
|---|---|---|
| 8 | മറ്റുള്ളവ | 1957297 |
| | ആകെ | 18956172 |

ആകെ 92851110 രൂപ അടങ്കലിൽ പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും 18956172 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണത്തിന് പ്രാധാന്യം നൽകേണ്ടതും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ പരിപാലനവും ഉറപ്പു വരുത്തുന്ന രീതിയിലും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 945500 | 77 |
| വിധവാപെൻഷൻ | 15956400 | 1170 |
| വാർദ്ധക്യകാലപെൻഷൻ | 25875300 | 2140 |
| വികലാംഗപെൻഷൻ | 4743500 | 357 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 863900 | 65 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/02/2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 222335/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എല്ലാ ഘടകങ്ങളും കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും അനുബന്ധ രജിസ്റ്ററുകൾ പലതും എഴുതി സൂക്ഷിക്കുന്നില്ല. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തു നികുതി, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ 2020-21 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററുകളിൽ ഏതാനും സ്ഥാപനങ്ങളുടെ പേര്, ആകെ ഈടാക്കിയ തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് പൂർത്തീകരിക്കുന്നതിനു മുമ്പ് അനുബന്ധ രജിസ്റ്ററുകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉന്നത ഉദ്യോഗസ്ഥർ ഉറപ്പാക്കിയിട്ടില്ല.നഗരസഭയ്ക്ക് പിരിഞ്ഞു കിട്ടുവാനുള്ള നികുതി നികുതിയേതര ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അതാത് സെക്ഷനുകൾ സമയബന്ധിതമായി തുകകൾ പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ആരും ഉറപ്പാക്കിയിട്ടില്ല

വിവിധ സെക്ഷനുകളുടെ ഏകോപനം ഉറപ്പാക്കി ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ വിലയിരുത്തിയതായി കാണുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, ഹാളുകൾ എന്നിവയിലെ ഏതാനും വാടകക്കാരുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും

കൈയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം വാടകകരാർ ചമച്ചിട്ടില്ല.

വാട്ടർചാർജ്ജ് കളക്ഷൻ, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഡിമാന്റ് രജിസ്റ്റർ, കൺസ്യൂമർ രജിസ്റ്റർ, ലെഡ്ജറുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അനർഹരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ ഉത്തരവുകളും നിർദ്ദേശങ്ങളും ഉണ്ടെങ്കിലും ആയവ ഒന്നും തന്നെ കൃത്യമായി പാലിക്കപ്പെടുന്നില്ല.

അഗതിരഹിതകേരളം (ആശ്രയ) പദ്ധതി നടപ്പിലാക്കുനനതിനുള്ള പദ്ധതി ഫണ്ട് കുടുംബശ്രീ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ഈ തുക നാളിതു വരെയും അഗതികൾക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല.

പി.എം.എ.വൈ പദ്ധതി പ്രകാരം ഏറ്റവും അർഹരായ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

മാർഗനിർദേശങ്ങളിലെ നിബന്ധനകൾ പാലിക്കാതെ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കുകയും നിയമാനുസൃത പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ചതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.18 മുതൽ 13.9.18 വരെ | 2013-14 മുതൽ 2016-17 വരെ | 16.04.18 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം

2020-21വർഷം അഭിഭാഷകർ, കരാറുകാർ, റേഷൻകട ജീവനക്കാർ, ആധാരമെഴുത്തുക്കാർ, സ്റ്റാമ്പ് വെണ്ടർമാർ മുതലായവരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും നിന്നും ഓരോ അർധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരിൽ 2020-21 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് നടത്തി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|

| | |
|---|---|
| 1 | ഉസ്മാൻ പി പി |
| 2 | ഹംസ എൻ ടി |
| 3 | അബൂബക്കർ വി |
| 4 | മുഹമ്മദ് ഷിഹാബ് |
| 5 | നൗഷാദ് പി |
| 6 | മുഹമ്മദ് അമീൻ പി |
| 7 | ഷംസുദീൻ |
| 8 | ഗിരീഷ് സി |
| 9 | അലി എം |
| 10 | നിയാസ് വൈ |
| 11 | എ എം യൂസഫ് |
| 12 | മുഹമ്മദ് അബ്ദുൾ ജലീൽ |
| 13 | കെ ടി സന്തോഷ് |
| 14 | അബ്ദുൾ റസാഖ് |
| 15 | അയ്യൂബ് പി |
| 16 | ടി എം മുഹമ്മദ് റഫീഖ് |
| 17 | ഇബ്രാഹീം ടി |
| 18 | മുഹമ്മദ് മുസ്തഫ ടി എം |
| 19 | പി നൗഷാദ് |

2020-21 വർഷം നഗരസഭയിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരിൽ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം .36/26.2.22 )

1-11-2 അഭിഭാഷകരിൽ തൊഴിൽ നികുതി ഈടാക്കണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം അഭിഭാഷകരിൽ നിന്നും 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അഭിഭാഷകന്റെ പേര് | തൊഴിൽ നികുതി – ഡിമാന്റ് രജിസ്റ്റർ – പേജ്& ക്രമ നം | ഒന്നാം അർധ വർഷം ചുമത്തേണ്ട തൊഴിൽ നികുതി | -രണ്ടാം അർധ വർഷം ചുമത്തേണ്ട തൊഴിൽ നികുതി | ആകെ വരുമാന നഷ്ടം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അഡ്വ.കെ വി മനോജ് | 28/184 | 1250.00 | 1250.00 | 2500.00 |
| 2 | അഡ്വ.രാധാകൃഷ്ണൻ | 31/214 | 1250.00 | 1250.00 | 2500.00 |
| 3 | അഡ്വ.രാജേഷ് വി | 31/215 | 1250.00 | 1250.00 | 2500.00 |
| 4 | അഡ്വ.ശിവകുമാർ | 31/216 | 1250.00 | 1250.00 | 2500.00 |
| 5 | അഡ്വ.രാമനുണ്ണി | 31/217 | 1250.00 | 1250.00 | 2500.00 |
| 6 | അഡ്വ.ജയദേവൻ | 31/218 | 1250.00 | 1250.00 | 2500.00 |
| 7 | അഡ്വ.രവീന്ദ്രനാഥ് | 31/219 | 1250.00 | 1250.00 | 2500.00 |
| 8 | അഡ്വ.മുഹമ്മദ്അലി | 31/220 | 1250.00 | 1250.00 | 2500.00 |
| 9 | അഡ്വ.ടി വി അലി | 31/220 | 1250.00 | 1250.00 | 2500.00 |
| 10 | അഡ്വ.കെ ടി കൃഷ്ണദാസ് | 32/221 | 1250.00 | 1250.00 | 2500.00 |
| 11 | അഡ്വ.സുനിത | 32/221 | 1250.00 | 1250.00 | 2500.00 |
| 12 | അഡ്വ.ദിപ്തി ബി കെ | 32/222 | 1250.00 | 1250.00 | 2500.00 |
| 13 | അഡ്വ.ഹനിഹ കെ വി | 32/222 | 1250.00 | 1250.00 | 2500.00 |
| 14 | അഡ്വ.ഗോപാലൻ | 32/224 | 1250.00 | 1250.00 | 2500.00 |
| 15 | അഡ്വ.പി മനോജ് | 32/230 | 1250.00 | 1250.00 | 2500.00 |
| 16 | അഡ്വ.തരുൺദത്ത് | 33/231 | 1250.00 | 1250.00 | 2500.00 |
| 17 | അഡ്വ.സുനിത | 33/232 | 1250.00 | 1250.00 | 2500.00 |
| 18 | അഡ്വ.മനോജ് | 33/233 | 1250.00 | 1250.00 | 2500.00 |
| 19 | അഡ്വ.സ്മിത | 33/234 | 1250.00 | 1250.00 | 2500.00 |
| 20 | അഡ്വ.രൺധീർ | 33/235 | 1250.00 | 1250.00 | 2500.00 |
| 21 | അഡ്വ.സിനി രൺധീർ | 33/236 | 1250.00 | 1250.00 | 2500.00 |
| 22 | അഡ്വ.വിദ്യാധരൻ | 33/237 | 1250.00 | 1250.00 | 2500.00 |
| 23 | അഡ്വ.സജിമോൾ | 33/238 | 1250.00 | 1250.00 | 2500.00 |
| 24 | അഡ്വ.കെ.ടി സനിഷ | 33/239 | 1250.00 | 1250.00 | 2500.00 |
| 25 | അഡ്വ.എസ് നിഷ | 33/240 | 1250.00 | 1250.00 | 2500.00 |
| 26 | അഡ്വ.എം വിജയകുമാർ | 34/241 | 1250.00 | 1250.00 | 2500.00 |
| 27 | അഡ്വ.കൃഷ്ണകുമാർ | 26/170 | 1250.00 | 1250.00 | 2500.00 |
| 28 | അഡ്വ.സുരേഷ് | 86/375 | 1250.00 | 1250.00 | 2500.00 |
| 29 | അഡ്വ.ജമാൽ | 86/376 | 1250.00 | 1250.00 | 2500.00 |
| 30 | അഡ്വ.പ്രസാദ് | 86/377 | 1250.00 | 1250.00 | 2500.00 |
| 31 | അഡ്വ.വരുൺ രഘുനാഥ് | 86/378 | 1250.00 | 1250.00 | 2500.00 |
| | ആകെ | | | | 77500.00 |

അഭിഭാഷകരിൽ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ 2020-21 വർഷം നഗരസഭക്ക് 77500.00 രൂപ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 22/24-02-2022 ന് ലഭ്യമാക്കിയ മറുപടിയിൽ അഭിഭാഷകർ തൊഴിൽ നികുതി അടവാക്കുന്നതിൽ വിമുഖത കാട്ടിവരുന്നുണ്ടെന്നും, ബന്ധപ്പെട്ട കോടതികളുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുമെന്നും നഗരസഭ

അറിയിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം .22/24.2.22 )

1-11-3 റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കണം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 8 റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

1-11-4 വൈദ്യശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യണം

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2 മുതൽ 11 വരെ) പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നഗരസഭ പരിധിയിലെ വിവിധ മേഖലകളിലെ തൊഴിൽ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഇത്തരം വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-5 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. 2020-21 ഒന്നും രണ്ടും അർധ വർഷങ്ങളിൽ പട്ടാമ്പി സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-6 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കണം

2020-21 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ നഗരസഭക്ക് ലഭിച്ച വരുമാനം താഴെ ചേർക്കുന്നു

| ക്രമ നം | കോഡ് | ശീർഷകം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 110100200 | Profession Tax - Employees | 5,564,188.00 |
| 2 | 431190101 | Profession Tax - Institutions/Professionals /Traders (Current) | 1,490,566.00 |
| 3 | 431190102 | Profession Tax - Institutions/Professionals /Traders (Arrears) | 221,160.00 |
| | | ആകെ | 7,275,914.00 |

2020-21 വർഷത്തെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്ററുകൾ അപൂർണമാണ്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളിൽ ഏതാനും സ്ഥാപനങ്ങളുടെ പേര് , ആകെ ഈടാക്കിയ തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരുവിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ, അടവാക്കാനുള്ള സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.

2) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വരവുകളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-12 എം ഇ എസ്ഇൻറ്റർ നാഷണൽ സ്കൂളിന്റെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം നടത്തിയിട്ടില്ല

നഗരസഭയിൽ പട്ടാമ്പി വില്ലേജിൽ സർവ്വേ നമ്പർ 145/2,49/6 ൽ ഉൾപ്പെട്ടുതുമായ ഭൂമിയിൽ എം ഇ എസ് ഇൻറ്റർ നാഷണൽ സ്കൂളിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നിലയും 663.37ച .മി പണിയുന്നതിനായി നഗരസഭ 08-10-2014 തിയ്യതിയിൽ പെർമിറ്റ് നമ്പർ A4-10/8969(145)2014 പ്രകാരം നൽകിയിരുന്നു.നഗരസഭയുടെ അസ്സസ്സ്മെൻറ്റ് രജിസ്റ്റർ പ്രകാരം 13/232 മുതൽ 236 വരെ ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി ഈടാക്കുന്നതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച നിയമാനുസൃത കെട്ടിടങ്ങൾ കൂടാതെ താഴെ പറയും പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളും ടി സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. വിവരങ്ങൾ താഴെ പട്ടികയിൽ കാണുക.

| ക്രമ നമ്പർ | കെട്ടിടം | ഭൂമിയുടെ തരം | വിസ്തീർണ്ണം |
|---|---|---|---|
| 1 | അഡ്മിനിസ്റ്റേറ്റീവ് ബിൾഡിങ്ങ് | ഭൂമിയുടെ തരം ലഭ്യമല്ല | 1687.80 ച മി |
| 2 | ക്ലാസ് റൂം ബിൾഡിങ്ങ് +ഓഡിറ്റോറിയം | ഭൂമിയുടെ തരം ലഭ്യമല്ല | 3950.64 ച മി |

| | | | |
|---|---|---|---|
| 3 | പഴയ ക്ലാസ് റൂം ബിൾഡിങ്ങ് | ഭൂമിയുടെ തരം ലഭ്യമല്ല | 823.68 ച മി |
| 4 | മസ്ജിദ് ബിൾഡിങ്ങ് | ഭൂമിയുടെ തരം ലഭ്യമല്ല | 316.16ച മി |
| 5 | ടോയിലറ്റ് ബിൾഡിങ്ങ് | ഭൂമിയുടെ തരം ലഭ്യമല്ല | 41.70 ച മി |
| 6 | സ്റ്റേജ് | ഭൂമിയുടെ തരം ലഭ്യമല്ല | 123.76 ച മി |
| 7 | ഫിസിക്കൽ ട്രൈയിനിങ്ങ് ബിൾഡിങ്ങ് | ഭൂമിയുടെ തരം ലഭ്യമല്ല | 150 ച മി |
| 8 | നിർമ്മാണത്തിലിരിക്കുന്ന മറ്റ് കെട്ടിടങ്ങൾ | ഭൂമിയുടെ തരം ലഭ്യമല്ല | 812.67 ച മി |
| 9 | കിൻഡർ ഗാർഡൻ -1 | വെറ്റ് ലാൻഡ് | 2524.62ച മി |
| 10 | കിൻഡർ ഗാർഡൻ -2 | വെറ്റ് ലാൻഡ് | 3979.82 ച മി |
| ആകെ- | | 14410.85 ച മി | |

30-12-20- ൽ എം ഇ എസ് സെക്രട്ടറി ഫയൽ നം- E1/10610/20 പ്രകാരം 10716.92 ച മി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിത്തരുവാൻ അപേക്ഷ കൊടുത്തിട്ടുണ്ട്. ടി അപേക്ഷയിൻ മേൽ എ. ഇ 20-01-21 ൽ സ്ഥല പരിശോധന നടത്തിയതിൽ നഴ്സറി കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ സൈറ്റ് പ്ലാൻ, കൈവശ സർട്ടിഫിക്കറ്റ്, ബി ടി ആർ പകർപ്പ്, ലോക്കേഷൻ സ്കച്ച് , ടൗൺ പ്ലാൻ ഓഫീസറുടെ പുതുക്കിയ അനുമതി പത്രം (31-12-2020-ന് കാലാവധി അവസാനിച്ചിട്ടുണ്ട്). വില്ലേജ് ഓഫീസർ/താലൂക്ക് സർവ്വേയറുടെ അതിര് അളവുകളോടുകൂടിയ സ്കെച്ച് എന്നിവ ഹാജരാക്കുവാൻ 31-01-21 ന് ആവശ്യപ്പെട്ടിരുന്നു.ആയത് സ്ഥാപനം നാളിതുവരെയായിട്ടും നഗരസഭയിൽ സമർപ്പിച്ചിട്ടില്ല.

1) പെർമിറ്റ് എടുത്ത് പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ച 13/232 മുതൽ 236 വരെയുള്ള കെട്ടിടങ്ങൾക്ക് സ്ഥാപന മേധാവികൾ നികുതി അടവാക്കുന്നുണ്ടോയെന്നും ഡിമാൻറ് നോട്ടീസ് അയച്ചിട്ടുണ്ടോയെന്നും എൻക്വയറി (32/25-2-2022) നൽകിയിട്ടുണ്ട്.

2)അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണ നടപടികൾ അറിയിക്കുക. നിയമാനുസൃത രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്.

1-13 ഷോപിങ് കോംപ്ലക്സ് ഉടമയിൽ നിന്നും വർഷങ്ങളോളമായി വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല

വസ്തു നികുതി പിരിവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ സൂചിപ്പിച്ചിട്ടുള്ള ഷോപിങ് കോംപ്ലക്സ് ഉടമ വർഷങ്ങളോളമായി വസ്തു നികുതി അടവാക്കുന്നില്ല. വിശദാംശങ്ങൾ കാണുക.

| വാർഡ് | പേര്-വിലാസം | കെട്ടിടത്തിന്റെ | തുക | കുടിശ്ശികയുടെ |
|---|---|---|---|---|

| നമ്പർ | | തരം | | കാലയളവ് |
|---|---|---|---|---|
| 20/795 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 25821- | 2013-14 മുതൽ 2020-21 വരെ |
| 20/796 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 27096- | 2011 മുതൽ 2020-21 വരെ |
| 20/797 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 18976- | 2011 മുതൽ 2020-21വരെ |
| 20/799 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 84702- | 2013-14 മുതൽ 2020-21വരെ |
| 20/800 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 29595- | 2016-17 മുതൽ 2019-20 വരെ, 2013-14 ലെ രണ്ട് അർദ്ധവർഷങ്ങളും |
| 20/803 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 13686- | 2013-14 മുതൽ 2020-21വരെ |
| 20/804 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 7605- | 2013-14 മുതൽ 2015-16 വരെ |
| 20/805 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 10404- | 2011-12,2012-13 2016-17,2017-18, 2018-19,2019-20(11), 2020-21 |
| 20/806 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 14610- | 2011-12 മുതൽ 2020-21 വരെ |
| 20/807 | കെ.എച്ച്അബ്ദുൽറഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 11536- | 2013-14 മുതൽ 2020-21 വരെ |
| 20/808 | കെ എച്ച് അബ്ദുൽ റഷീദ്,കോട്ടപ്പുറത്ത് | വാണിജ്യം | 16346 | 2011-12 മുതൽ 2020-21 വരെ |
| 20/809 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 38781 | 2011-12 മുതൽ 2020-21 വരെ |
| 20/810 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 13144 | 2011-12 മുതൽ 2013-14 വരെ,2017-18 മുതൽ 2018-19 വരെ, 2019-20(11) മുതൽ 2020-21 വരെ |
| 20/811 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 27717 | 2013-14 മുതൽ 2020-21 വരെ |

| | | | | |
|---|---|---|---|---|
| 20/812 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 21483- | 2011-12 മുതൽ 2020-21 വരെ |
| 20/813 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 15260- | 2013-14മുതൽ 2020-21 വരെ |
| 20/814 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 11346- | 2013-14മുതൽ 2020-21 വരെ |
| 20/815 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 93645- | 2013-14മുതൽ 2020-21 വരെ |
| 20/816 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 17745- | 2013-14മുതൽ 2020-21 വരെ |
| 20/817 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 31044- | 2012-13 മുതൽ 2020-21വരെ |
| 20/818 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 13176- | 2011-12 മുതൽ 2020-21 വരെ |
| 20/819 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 19857- | 2013-14 മുതൽ 2020-21 വരെ |
| 20/820 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 8326- | 2011-12 മുതൽ 2020-21 വരെ |
| 20/821 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 36792- | 2011-12 മുതൽ 2020-21 വരെ |
| 20/822 | കെ എച്ച് അബ്ദുൽ റഷീദ്, കോട്ടപ്പുറത്ത് | വാണിജ്യം | 17745- | 2013-14 മുതൽ 2020-21 വരെ |
| ആകെ കുടിശ്ശിക | | | 528050 | |

ഇത്രയും കുടിശ്ശികയുള്ളത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (20/23-02-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക വരുത്തിയ ഉടമക്ക് ഡിമാന്റ് നോട്ടീസ് അയക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കെട്ടിട ഉടമകൾ അതാത് വർഷം തന്നെ വസ്തുനികുതി അടവാക്കുന്നത് ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റിയും (ധനകാര്യം) പ്രത്യേക ശ്രദ്ധിക്കേണ്ടതും മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതുമാണ് .

നിർദ്ദേശം

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ്. പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

### 1-14 അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പരിശോധന നടത്തുന്നില്ല

2020-21 വർഷത്തിലെ നഗരസഭയുടെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം 56 കെട്ടിടങ്ങൾ റെഗുലറൈസേഷൻ നടത്തിയിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ 73235- വരവുണ്ട്. മുൻസിപ്പൽ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും നഗരസഭാ പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ നഗരസഭയിൽ പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള മുൻസിപ്പാലിറ്റി നിയമം /ചട്ടങ്ങൾ, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019

എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 90 പ്രകാരം നിയമാനുസൃതമല്ലാത്ത നിർമ്മാണങ്ങൾ പൊളിച്ചു കളയുന്നതിനുള്ള അധികാരം) കൂടാതെ ഇത്തരം അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാണ് [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനകൾ നടത്തി അനുമതി കൂടാതെ നഗരസഭാ പ്രദേശത്ത് മറ്റ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

നഗരസഭയിൽ ക്രമവൽക്കരിക്കുവാൻ ലഭിച്ച അപേക്ഷകളിൻമേൽ സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തി, നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 -ലെ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ടോയെന്ന്പരിശോധിക്കുകയും ആയത് ക്രമവൽക്കരിക്കുന്നതിന് Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം:13/23.02.22) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനകൾ നടത്തുന്നില്ലായെന്നും ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭാ ജീവനക്കാർ ഫീൽഡ് പരിശോധനകൾ കാര്യക്ഷമമാക്കി അനുമതി കൂടാതെ ഏതെങ്കിലും നിർമ്മാണങ്ങൾ നഗരസഭ പരിധിയിൽ നടക്കുന്നത് ബോധ്യപ്പെടുന്ന പക്ഷം ആയത് നിയമാനുസൃതം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാവുന്ന ഇത്തരം നടപടികളിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെട്ട് മോണിട്ടറിംഗ് ശക്തിപ്പെടുത്തേണ്ടതാണ്.

## 1-15 ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചതിൽ തുടരന്വേഷണം നടത്തുന്നില്ല

നഗരസഭയിൽ വാണിജ്യാവശ്യത്തിന് കെട്ടിടം പണിയുന്നതിനും/വാസഗൃഹത്തിനുവേണ്ടിയും പ്ലോട്ട് ലേഔട്ട് ചെയ്യുന്നതിന് ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ലാന്റ് ഡിവലപ്പ്മെന്റ് ചെയ്യുവാൻ മൈനിങ്ങ് & ജിയോളജി വകുപ്പിൽ നിന്നും മുൻകൂർ അനുമതി പത്രം ലഭ്യമായാൽ മാത്രമെ ഭൂവികസനമോ കെട്ടിട പണിയോ തുടങ്ങുവാൻ പാടുള്ളൂ എന്ന് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാതെ പ്രസ്തുത സ്ഥലത്ത് കെട്ടിടപണി നടത്തിയിട്ടുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. (അതായത് ടി പ്ലോട്ടിൽ മൈനിങ്ങ്& ജിയോളജി വകുപ്പിൽ നിന്നും മുൻകൂർ അനുമതി പത്രം ലഭ്യമാകാതെ ഭൂവികസനമോ, കെട്ടിട പണിയോ തുടങ്ങിയിട്ടുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തേണ്ടതാണ്). ഫയൽ പരിശോധനയിൽ നാളിതുവരെയായിട്ടും ഇത്തരത്തിലുള്ള ഫീൽഡ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | വാണിജ്യ/ വാസഗൃഹം ആവശ്യത്തിന് കെട്ടിടം പണിയുന്നതിന് | ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് നമ്പർ/ | അടവാക്കിയ തുക/ രസീതി നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| സഫ്വാന, കോട്ടുകാട്ടിൽ ശങ്കരമംഗലം വാർഡ്-6 സർവ്വേ നം-65/1 | ലാന്റ് ഡിവലപ്പ്മെന്റ് എരിയ -305.53 ച.മി | E-1-1946/21 | 2287/-, 121030101393 Dt 03-05-21 | ഫീൽഡ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |
| ഷാജി ശങ്കർ ,പുളിയക്കോട്ടു | 152.32 ച.മി | E1-BA(221492)/2019, | 9105/ 119030109083, | ഡിവലപ്പ്മെന്റ് പെർമിറ്റ് പ്രകാരം |

| | | | | |
|---|---|---|---|---|
| പറമ്പിൽ വീട്, വിളയ | | 06-08-2019 | 03-08-2019 | 1044 മെട്രിക്ക് ടൺ കൂടുതൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ടോയെന്നും ടി സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടോയെന്നും 16-03-2020 ൽ ജിയോളജി വകുപ്പ് മേധാവി മുൻസിപ്പൽ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫീൽഡ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |
| ജമീല മുഹമ്മദ്, കീഴൂർ | 1396.39 | E1-BA-134/2020-21, 18-02-2020 | 10473/ 119030107384, 13-10-2021 | ഫീൽഡ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |
| റംഷാദ് & റംഷീദ്, കല്ലേക്കാട്ടിൽ ഹൗസ്, കൊടല്ലൂർ | 1.96 | E1-7150/20 | 1470/ 120030110804, 28-12-20 | ഫീൽഡ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |

മേൽ സൂചിപ്പിച്ച ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചവരുടെ സ്ഥലം പരിശോധന നടത്തി നിലവിലെ നിയമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും നഗരസഭയിൽ നിന്നും ബിൽഡിങ്ങ് പെർമ്മിറ്റ് എടുക്കാതെ പ്രസ്തുത ഉടമകളുടെ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുണ്ടോയെന്നും അറിയുന്നതിനു വേണ്ടി ഓഡിറ്റ് എൻക്വയറി (11/21-02-22 ) നൽകിയിതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൻക്വയറി നൽകിയതനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം പരിശോധന നടത്തിയതിൽ ക്രമ നമ്പർ 1 ഉടമ പ്രസ്തുത സ്ഥലത്ത് തറ പണിതിട്ടുണ്ട്.

<u>നിർദ്ദേശം</u>

1. നഗരസഭയിൽ നിന്നും ബിൽഡിങ്ങ് പെർമ്മിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ടവരുടെ മേൽ നിയമനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-16 കട മുറികൾ വാടകക്ക് നൽകൽ - ചട്ട പ്രകാരം നടപടികൾ സ്വീകരിക്കണം

2020-21 വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565(ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി നഗരകാര്യ ഡയരക്ടറുടെ അംഗീകാരം നേടിയിട്ടില്ല.

2) നഗരസഭയിലെ കടമുറികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | എൻ ബി | എൻ | എൻ എം | ആകെ |
|---|---|---|---|---|

| | എസ് | എസ് സി | എസ് | |
|---|---|---|---|---|
| ആകെ മുറികളുടെ എണ്ണം | 31 | 29 | 34 | 94 |
| പ്രവർത്തനക്ഷമമായാവയുടെ എണ്ണം | 31 | 29 | 34 | 94 |
| വാടകക്ക് നല്കിയവയുടെ എണ്ണം | 30 | 20 | 26 | 76 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 1 | 9 | 8 | 18 |
| പട്ടിക ജാതി / പട്ടിക വർഗ്ഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| ഭിന്നശേഷി വിഭാഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| വിധവകൾക്കുള്ള സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |

2000 ലെ മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 10 പ്രകാരം നഗരസഭയിലെ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തു നൽകേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

3) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4) 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി നഗരകാര്യ ഡയരക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

ബി) 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം നഗരസഭയിലെ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

സി) വാടകക്കാരുമായി 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം പ്രകാരം കരാർ ചമയ്ക്കേണ്ടതാണ്.

ഡി) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഇ) ഒഴിഞ്ഞു കിടക്കുന്ന കടമുറികൾക്ക് ലേലം മുഖേനയോ, മറ്റ് മാർഗ്ഗങ്ങളിലൂടെയോ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16-1 വാടകക്കാരുമായി കരാർ പത്രം ചമച്ചിട്ടില്ല

2020-21 വർഷം വർഷത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, ഹാളുകൾ എന്നിവയിലെ ഏതാനും വാടകക്കാരുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം വാടകകരാർ ചമച്ചിട്ടില്ല. 1959-ലെ കേരള സ്റ്റാമ്പ് ആക്ട്, ക്ലോസ് (ജി): ക്രമ നമ്പർ 5 പ്രകാരം മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ

ചമക്കാത്തതിനാൽ മുദ്ര പത്ര വില ഇനത്തിൽ സംസ്ഥാന സർക്കാരിന് 9200.00 രൂപയുടെ (48x200) നഷ്ടം ഉണ്ടായിട്ടുണ്ട്. കരാർ ചമയ്ക്കാത്ത വാടകക്കാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

I.എൻ ബി എസ്

| ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം | ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം |
|---|---|---|---|---|---|
| 1 | റഹീമ | 1 | 12 | സൽമ | 17 |
| 2 | സുധീർ | 4 | 13 | സുരേഷ് | 18 |
| 3 | രുഗ്മിണി | 5 | 14 | മണികണ്ഠൻ | 19 |
| 4 | അബ്ദുൾ കഹാർ | 6 | 15 | മുഹമ്മദ് ഹുസൈൻ | 20 |
| 5 | ശിവദാസൻ | 7 | 16 | പാർവ്വതി | 21 |
| 6 | അലി | 11 | 17 | അലി അക്ബർ | 22 |
| 7 | ശ്രീധരൻ | 12 | 18 | മൊയ്തീൻകുട്ടി | 23 |
| 8 | രമേഷ് | 13 | 19 | മോഹൻദാസ് | 24 |
| 9 | മുഹമ്മദ് | 14 | 20 | ജയറാം | 25 |
| 10 | അവറാൻ | 15 | 21 | രാജൻ | 29 |
| 11 | ജയപ്രകാശ് | 16 | 22 | മണികണ്ഠൻ | 30 |

II.എൻ എസ് സി

| ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം | ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം |
|---|---|---|---|---|---|
| 1 | ഹംസ | 1 | 10 | കബീർ | 12 |
| 2 | മുഹമ്മദ് | 4 | 11 | രവികുമാർ | 18 |
| 3 | മുഹമ്മദ് റിയാൻ | 5 | 12 | ശ്രീകല | 19 |
| 4 | വിപിൻ ദാസ് | 6 | 13 | രാജഗോപാലൻ | 20 |
| 5 | കലേഷ് | 7 | 14 | രാജഗോപാലൻ | 21 |
| 6 | അബ്ദുൾ ജബ്ബാർ | 8 | 15 | സ്മിത | 22 |
| 7 | അമീർ | 9 | 16 | അബ്ദുൾ ലത്തീഫ് | 25 |
| 8 | ഗഫൂർ | 10 | 17 | സൽമാൻ ഫാരിസ് | 26 |
| 9 | സുലൈമാൻ | 11 | 18 | രാഗേഷ് | കോണിമുറി |

III.എൻ എം എസ്

| ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം |
|---|---|---|
| 2 | അബ്ദുൾ സത്താർ | 8 |
| 3 | മുഷ്ത്താക്ക് അലി | 12 |
| 4 | ഷൗക്കത്ത് അലി | 13 |
| 5 | തരീക്കുട്ടി | 18 |
| 6 | മുഹമ്മദ് ബഷീർ | 19 |

| | | |
|---|---|---|
| 7 | സക്കീർ | 22 |
| 8 | കുഞ്ഞാലൻ കുട്ടി | 23 |

ഓഡിറ്റ് അന്വേഷണം നം 8 തീയതി 19.2.22 ന് ലഭ്യമാക്കിയ മറുപടിയിൽ മുദ്രപത്ര ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടിയിരുന്ന തുക വാടകക്കാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

യഥാസമയം വാടകക്കാരുമായി കരാർ ചമയ്ക്കാത്തത് നഗരസഭയുടെ വീഴ്ചയാണ്. ഇതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1) 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ഫാറം III ബി യിലെ മാതൃക പ്രകാരം യഥാസമയം തന്നെ വാടകകരാറുകൾ ചമയ്ക്കേണ്ടതാണ്.

2) മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കാത്തതിനാൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

3) കരാർ ചമക്കാത്തതിനാൽ വാടകക്കാരുമായി ഉണ്ടായേക്കാവുന്ന നിയമവ്യവഹാരങ്ങളിൽ നിയമപരിരക്ഷ ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം.8/19.2.22)

## 1-17 സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വാടക ഇളവ് അനുവദിച്ചു

സർക്കാർ ഉത്തരവ് (സാധാ)1278/2020/ത.സ്വ.ഭ.വ തീ.29.6.20 പ്രകാരം ലോക്ക് ഡൗൺ മൂലം പ്രവർത്തിക്കാൻ കഴിയാതിരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലെ വാടകക്കാർക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വാടക ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

1)ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദം ഇല്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ.

2)വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല/ അടഞ്ഞുകിടന്നതാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് .

3)തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

4)മുകളിൽ പ്രസ്താവിച്ച നിബന്ധനകൾ പാലിച്ച് മാത്രമേ വാടക ഇളവ് അനുവദിക്കുന്നുള്ളൂ എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ലോക്ക് ഡൗൺ കാലയളവിൽ തുറന്ന് പ്രവർത്തിക്കുവാൻ അനുവാദമുള്ള സ്ഥാപനങ്ങളുടെ ലൈസൻസികൾക്ക് നഗരസഭയുടെ 29.9.20 ലെ ഭരണസമിതി യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരം 4/20,5/20,6/20 എന്നീ മാസങ്ങളിലെ വാടക ഇളവ് അനുവദിച്ചിട്ടുണ്ട്

വാടക ഇളവ് അനുവദിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 26/24.2.2022 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും , വാടക ഇളവ് അനുവദിക്കുന്നതിനായി നഗരസഭ രൂപികരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ട് , സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം വാടക ഇളവ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച പരാമർശങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു

### 1-17-1 ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക ഇളവ് അനുവദിച്ചത് - അനുമതി ലഭ്യമാക്കണം

നഗരസഭ ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സുകളായ എൻ ബി എസ്, എൻ എസ് സി എന്നിവയിലെ വാടകക്കാർക്ക് വാടക ഇളവ് അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 26/24.2.2022 നഗരസഭ ലഭ്യമാക്കിയ മറുപടി *"കോവിഡ് ലോക്ക്ഡൗൺ കാലയളവിൽ പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും നിറുത്തിവെച്ചിരിക്കുകയായിരുന്നു. നഗരസഭാ ബസ് സ്റ്റാൻഡിലെ ബിൽഡിങ്ങുകൾ ആയ എൻ ബി എസ് ,എൻ എസ് സി എന്നിവയിൽ പ്രവർത്തിച്ചിരുന്ന കടമുറികൾ പൂർണമായും സ്റ്റാൻഡിൽ പ്രവേശിക്കുന്ന ബസുകളെ ആശ്രയിച്ചാണ് പ്രവർത്തിച്ചിരുന്നത്. മേൽ സാഹചര്യത്തിൽ ടി ബിൽഡിംഗിലെ കടമുറികൾ പൂർണമായും അടഞ്ഞുകിടന്നുവെന്ന വിഷയം പരിഗണിച്ചാണ് ബഹു നഗരസഭാ കൗൺസിൽ ടി മുറികളുടെ വാടകയിന്മേൽ ഇളവ് അനുവദിച്ചിട്ടുള്ളത്. (29.2.020 ലെ രണ്ടാം നമ്പർ തീരുമാനം) ഈ വിഷയത്തിൽ സാധൂകരണത്തിനായി നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകുന്നതാണ്"* എന്നാണ്.

സർക്കാർ ഉത്തരവ് (സാധാ)1278/2020/ത.സ്വ.ഭ.വ തീ.29.6.20 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നഗരസഭ ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സുകളായ എൻ ബി എസ് , എൻ എസ് സി എന്നിവയിലെ വാടകക്കാർക്ക് വാടക ഇളവ് അനുവദിച്ചതിന് സർക്കാർ/നഗരകാര്യ ഡയറക്ടറിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

1-17-2 ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ വാടകക്കാർക്ക് അനർഹമായ വാടക ഇളവ് അനുവദിച്ചു - രൂ.690090.00 നഷ്ടം.

സർക്കാർ ഉത്തരവ് (സാധാ)1278/2020/ത.സ്വ.ഭ.വ തീ.29.6.20 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ വാടകക്കാർക്ക് വാടക ഇളവ് അനുവദിച്ചത് മൂലം നഗരസഭ ഫണ്ടിന് 690090.00 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18 ബസ് സ്റ്റാന്റ് പിരിവിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

പട്ടാമ്പി നഗരസഭയുടെ ബസ് സ്റ്റാന്റ് പിരിവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ചട്ട പ്രകാരമുള്ള രശീതി ഉപയോഗിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ്(ചട്ടങ്ങൾ) 2007 ചട്ടം 18-2 പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന പണം വരവുകൾക്ക് രശീതി നൽകേണ്ടതും രശീതികൾ നമ്പറിട്ടതും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതേണ്ടതുമാണ്. എന്നാൽ ബസ് സ്റ്റാന്റ് പിരിവിനായി നഗരസഭയുടെ രശീതി ബുക്കുകളല്ല ഉപയോഗിക്കുന്നത്.

2.ബസ്സുകളുടെ കൃത്യമായ എണ്ണം ലഭ്യമല്ല

ഒരു ബസ്സിന് 15/- രൂപ നിരക്കിൽ ആണ് തുക ഈടാക്കുന്നത്. പരമാവധി 250 ബസ്സുകളുടെ (250*15) 3750/- രൂപയാണ് സാധാരണ നിലയിൽ ഒരു ദിവസം നഗരസഭയിൽ അടവാക്കുന്നത്. കൊറോണ, റോഡ് വർക്കുകൾ എന്നിവ കാരണം ബസ്സുകളുടെ എണ്ണം കുറയുമ്പോൾ ആനുപാതികമായി അടവാക്കുന്ന തുകയും കുറയുന്നു. ഓരോ ദിവസവും പിരിക്കുന്ന തുക എത്രയാണെന്നോ ബസ് സ്റ്റാന്റിൽ പ്രതിദിനം വന്നുപോകുന്ന ബസുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ചോ യാതൊരു രേഖകളുമില്ല. ബസ്സുകളുടെ എണ്ണത്തിനനുസരിച്ചുള്ള തുകയല്ല നഗരസഭയിൽ അടവാക്കുന്നത്.(ഓഡിറ്റ് അന്വേഷണം-31, 25-2-22)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ചട്ടപ്രകാരമുള്ള രശീതിബുക്കുകൾ ഉപയോഗിക്കേണ്ടതാണ്.

2.ബസ്സുകളുടെ എണ്ണത്തിന് ആനുപാതികമായ വരുമാനം നഗരസഭക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3.തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയി

| | |
|---|---|
| ഇനം | എൻ ബി എസ് |
| ആകെ മുറികളുടെ എണ്ണം | 31 |
| പ്രവർത്തനക്ഷമമായാവയുടെ എണ്ണം | 31 |
| വാടകക്ക് നല്കിയവയുടെ എണ്ണം | 30 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 1 |
| പട്ടിക ജാതി / പട്ടിക വർഗ്ഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |
| ഭിന്നശേഷി വിഭാഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |
| വിധവകൾക്കുള്ള സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |

ക്കേണ്ടതാണ്.

1-19 കുടിവെള്ള പദ്ധതികൾ - വാട്ടർ ചാർജ്ജ് പിരിവ് കാര്യക്ഷമമാക്കണം

നഗരസഭ നേരിട്ട് നടത്തുന്ന വൻകിട കുടിവെള്ള പദ്ധതിയിൽ 31 പമ്പിങ്ങ് സ്റ്റേഷനുകളും മാധവൻകുന്ന് (125000 ലിറ്റർ), ശങ്കരമംഗലം (330000 ലിറ്റർ) എന്നിവിടങ്ങളിൽ ഓവർ ഹെഡ് ടാങ്കുകളും നഗരസഭ കോംപൗണ്ടിൽ ഭൂഗർഭ സംഭരണിയും ( 5 ലക്ഷം ലിറ്റർ) ഉണ്ട്.

2020-21 വർഷം നഗരസഭ 4565 ഉപഭോക്താക്കൾക്ക് ( ഗാർഹികം-4260, സ്പെഷ്യൽ റെസിഡൻസ്- 54, ഗാർഹികേതരം -251) കുടിവെള്ളം വിതരണം നടത്തിയിരുന്നു. വാട്ടർ ചാർജ്ജ് ഇനത്തിൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം തൻവർഷത്തെ വരവ് 3,799,740.00 രൂപയും കുടിശ്ശിക ഇനത്തിൽ 234,284.00 രൂപയും (ആകെ - 4034024.00) വരവുണ്ട്. മുൻ വർഷത്തെ കളക്ഷൻ തുകയിൽ നിന്നും 1142177.00 കുറവായാണ് 2020-21 ൽ സമാഹരിച്ചിട്ടുള്ളത്.

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നഗരസഭ നിയമാവലി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. കൂടാതെ വാട്ടർചാർജ്ജ് കൃത്യമായി പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുമില്ല. വാട്ടർചാർജ്ജ് കളക്ഷൻ, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഡിമാന്റ് രജിസ്റ്റർ, കൺസ്യൂമർ രജിസ്റ്റർ, ലെഡ്ജറുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.28/25.02.22)

ഓഡിറ്റ് നിർദ്ദേശം

1) ഉപഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ കൺസ്യൂമർ രജിസ്റ്റർ, ലെഡ്ജറുകൾ എന്നിവ കാലികമാക്കേണ്ടതാണ്.2019-20

2) വാട്ടർചാർജ്ജ് ഡിമാന്റ് രജിസ്റ്റർ കാലികമാക്കി വർഷവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) എല്ലാ മാസവും കൃത്യമായി മീറ്റർ റീഡിംഗി നടത്തി ഉണഭോക്താക്കൾക്ക് ബിൽ/ഇൻവോയ്സ് നൽകുന്നതിന് സംവിധാനമൊരുക്കേണ്ടതാണ്.

4) കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ - കുറവായി നിർണ്ണയിച്ചു

കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും

ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. 2020-21 വർഷത്തിൽ ഫാക്ടിയോസ് ലൈസൻസ് അനുവദിച്ച സൂപ്പർ ഗ്രാനൈറ്റ്സ് എന്ന ക്രഷർ യൂണിറ്റ് സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിട്ടില്ല. വാർഷിക ഫീ ഈടാക്കിരിക്കുന്നത് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ CONCENT TO OPERATE ൽ സാക്ഷ്യപ്പെടുത്തിയ കുതിരശക്തി അടിസ്ഥാനമാക്കിയിട്ടില്ലാത്തതിനാൽ 6020.00 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

### 1-21 തനത് വരുമാന നിക്ഷേപത്തിനായി ഒരു അക്കൗണ്ട് മാത്രം ഉപയോഗിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 58725/ എഫ്.എം3/2008/ത.സ്വ.ഭ.വ, തീയതി 26.5.11 അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ പട്ടാമ്പി നഗരസഭയുടെ തനത് വരുമാനം താഴെ പറയുന്ന 3 അക്കൗണ്ടുകളിലായാണ് സൂക്ഷിക്കുന്നത്.

| ക്രമ നം | അക്കൗണ്ട് നം | 2020-21 ലെ മുന്നിരിപ്പും നീക്കിയിരിപ്പും |
|---|---|---|
| 1 | 570902010008555 യൂണിയൻ ബാങ്ക് | മുന്നിരിപ്പ് =2104492 |
| | | നീക്കിയിരിപ്പ് =3949 |
| 2 | 44622430000014 സിൻഡിക്കേറ്റ് ബാങ്ക് | മുന്നിരിപ്പ് =2084890 |
| | | നീക്കിയിരിപ്പ് =1691911 |
| 3 | 50100304900964 എച്ച് ഡി എഫ് സി | മുന്നിരിപ്പ് =11269179 |
| | | നീക്കിയിരിപ്പ് =14597441 |

തനത് ഫണ്ട് നിക്ഷേപം ഒരു അക്കൗണ്ടിലേക്ക് മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-23, 24-2-22)

### 1-22 ക്യാഷ്ബുക്കും ഡേ ബുക്കും തമ്മിൽ വ്യത്യാസം- അപാകതകൾ പരിഹരിക്കേണ്ടതാണ്.

പട്ടാമ്പി നഗരസഭയുടെ 2019-20, 20-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരം 14.2.22 തീയതി 3.45 Pm സമയത്ത് നടത്തിയ ക്യാഷ് വെരിഫിക്കേഷൻ പ്രകാരം ഡേ ബുക്ക് നീക്കിയിരിപ്പ് 2,22,335 രൂപയും ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 12,32,031 രൂപയുമാണ്. ഡേ ബുക്കും ക്യാഷ് ബുക്കും തമ്മിൽ 10,09,696/- രൂപയുടെ വ്യത്യാസം കാണുന്നു. കോൺട്രാ എൻട്രി ഇടാത്തതു മൂലമാണ് ഈ വ്യത്യാസം വന്നിട്ടുള്ളത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്(3,16-2-22) മറുപടിയായി അറിയിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് ഡേ ബുക്കിന്റെയും ക്യാഷ് ബുക്കിന്റേയും പകർപ്പുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-23 നഗരസഭയിലെ പെൻഷൻ വിതരണ സമ്പ്രദായം അപാകങ്ങൾ

നഗരസഭയിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം, വിവിധ കാരണങ്ങളാൽ അർഹത നഷ്ടപ്പെടുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ 23.09.2020 ലെ സ.ഉ.(എം.എസ്.)നം. 97/2020 നെ മുൻനിർത്തി പരിശോധിച്ചു.

പെൻഷൻ ഗുണഭോക്താവ് മരണപ്പെടുകയോ മറ്റേതെങ്കിലും വിധത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്യുമ്പോൾ പെൻഷൻ വിതരണ സോഫ്റ്റ് വെയർ ഡാറ്റാബേസിൽ നിന്നും സ്വമേധയാ ഒഴിവാക്കപ്പെടുന്ന

സംവിധാനം നിലവിലില്ല. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിയ്ക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമായതിനാൽ അനർഹരെ യഥാസമയം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അനർഹരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ ഉത്തരവുകളും നിർദ്ദേശങ്ങളും ഉണ്ടെങ്കിലും ആയവ ഒന്നും തന്നെ കൃത്യമായി പാലിക്കപ്പെടുന്നില്ല. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Discrepancy Listലെ ഗുണഭോക്താക്കളുടെ വിവരം അതത് മാസം പരിശോധിക്കുന്നില്ല

"സേവന പെൻഷൻ DBT മൊഡ്യൂൾ" ൽ നിന്നും ഓരോ മാസവും ഏതെങ്കിലും കാരണത്താൽ പെൻഷൻ തുക കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം Pension Discrepancy List എന്ന പേരിൽ ലഭ്യമാണ്. 2021 ഡിസംബർ മാസത്തെ Pension Discrepancy List പ്രകാരം 365 ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തിയിട്ടില്ല/ Deceased/ Remarried/ Door Closed/ No Such Bank Account തുടങ്ങിയ വിവിധ കാരണങ്ങളാൽ തൻമാസത്തെ പെൻഷൻ തുക കൈമാറുന്നതിന് സാധിച്ചിട്ടില്ല. ഇത്തരം ഗുണഭോക്താക്കളുടെ വിവരം അതത് മാസത്തിൽ തന്നെ തുടർ പരിശോധനക്ക് വിധേയമാക്കി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടവ കണ്ടെത്തി ആയത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം റദ്ദ് ചെയ്യുന്നില്ല-അനർഹമായി പെൻഷൻ തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതിനാൽ നഷ്ടം

പെൻഷൻ വിതരണം, പെൻഷൻ റദ്ദ് ചെയ്യൽ എന്നിവയുടെ ഫയൽ പരിശോധിച്ചതിൽ 2019-20, 20-21 കാലയളവിൽ മരണപ്പെട്ട ഒരു ഗുണഭോക്താവിന് അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കുന്നതിനു മാത്രമാണ് കഴിഞ്ഞിട്ടുള്ളത്. പെൻഷണറുടെ മരണം ബന്ധുക്കൾ യഥാസമയം നഗരസഭയെ അറിയിക്കുകയും പെൻഷൻ റദ്ദു ചെയ്യാനാവശ്യപ്പെട്ടു കൊണ്ട് അപേക്ഷ നൽകുകയും ചെയ്തിട്ടും യഥാസമയം പെൻഷൻ റദ്ദ് ചെയ്യാത്തതിനാൽ മരണപ്പെട്ടതിനു ശേഷവും ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. നഗരസഭയിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലും പെൻഷൻ റദ്ദ് ചെയ്യാതെ നില നിൽക്കുകയും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ കൈമാറുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നു.

ഇത്തരത്തിൽ 198300 രൂപ അനർഹമായി ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. അക്കൗണ്ടുകളിൽ നിന്നും തിരികെ സർക്കാരിലേക്ക് ഈടാക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഗുണഭോക്താവ് മരണപ്പെട്ട തീയതി | അപേക്ഷ ലഭിച്ച തീയതി | അനർഹമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച മാസങ്ങൾ | ആകെ തിരികെ ഈടാക്കേണ്ട തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | സുഹ്റ, മിനാനി ക്കോട്ടിൽ, പരുവക്കാട് | 108160 201380 | 6.06.19 | 9.09.19 | ജൂലൈ 2019 | 1200 | ജനുവരി 2022ലും പെൻഷൻ Active |
| 2. | സുബൈദ.പി, കുന്നംപുറത്ത് , കിഴക്കെ അങ്ങാടി | 108160 201229 | 17.03.18 | 23.09.19 | ഏപ്രിൽ 2018 മുതൽ ജൂലൈ 2019 വരെ | 18000 | ജനുവരി 2022ലും പെൻഷൻ Active |
| 3. | ദേവകി എന്ന ബേബി, പന്തക്കൽ കിഴക്കേതി | 108160 200238 | 18.02.20 | 21.04.20 | മാർച്ച് 2020 മുതൽ ജനുവരി 2021 വരെ | 16500 | ജനുവരി 2022ലും പെൻഷൻ Active. ഫെബ്രുവരി21 മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ൽവീട് , നേതിരി മംഗലം | | | | | | Account Closed |
| 4. | രാമചന്ദ്രൻ, പൂവത്തിങ്കൽ, ശങ്കരമംഗലം | 112690 200294 | 19.05.20 | 29.06.20 | ജൂൺ 2020 മുതൽ ആഗസ്റ്റ് 2021 വരെ | 21300 | ജനവരി 2022ലും പെൻഷൻ Active. സെപ് റ്റംബർ 21 മുതൽ Account Closed |
| 5. | ദേവകി, മാരാത്തൊടി, കൊടലൂർ, മേലേ പട്ടാമ്പി | ലഭ്യമല്ല | 04.05.20 | 29.06.20 | ജൂൺ 2020 മുതൽ ഏപ്രിൽ 2021 വരെ | 16600 | മെയ് 2021 ൽ സസ്പെൻഡ് ചെയ്തു. |
| 6 | അബൂബക്കർ, വയമ്പത്തൊടി | 108160 201152 | 28.8.20 | 30.09.20 | സെപ്റ്റംബർ 2020 മുതൽ ഏപ്രിൽ 2021 വരെ | 12100 | മെയ് 2021 ൽ സസ് പെൻഡ് ചെയ്തു. |
| 7. | ലക്ഷ്മി | 108160 200501 | 22.11.20 | 23.12.20 | ഡിസംബർ 2020 മുതൽ ഏപ്രിൽ 21 വരെ | 7600 | മെയ് 2021ൽ സസ് പെൻഡ് ചെയ്തു. |
| 8 | ഗോവിന്ദൻകുട്ടി നായർ | - | 05.1.21 | 2/2021 | ഫെബ്രുവരി 2021 മുതൽ ഏപ്രിൽ 21 വരെ | 4600 | മെയ് 2021 ൽ സസ്പെൻഡ് ചെയ്തു |
| 9 | വാസുദേവ മേനോൻ. പി | 108160 201143 | 12.02.21 | 3/2021 | മാർച്ച് , ഏപ്രിൽ 2021 | 3100 | മെയ് 2021 ൽ സസ്പെൻഡ് ചെയ്തു |
| 10 | കോമനുണ്ണി, സുലോചനാ നിലയം, രണ്ടാം മൈൽ | 108160 201096 | 06.1020 | - | നവംബർ 2020 മുതൽ ഏപ്രിൽ 21 വരെ | 8900 | മെയ് 2021 ൽ സസ്പെൻഡ് ചെയ്തു. 12.07.21 ന് തുക തിരികെ അടവാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് |
| 11 | നബീസ. എ | - | 22.12.20 | - | ജനവരി, ഫെബ്രുവരി2021 | 3000 | നിലവിൽ സസ്പെൻഡ് ചെയ്തു. |
| 12 | സേതുമാധവൻ. എം.പി, സരിതാലയം, നേതിരിമംഗലം | 108160 201508 | 04.02.21 | - | മാർച്ച് , ഏപ്രിൽ 21 | 3100 | നിലവിൽ സസ്പെൻഡ് ചെയ്തു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | അവ്വാ ഉമ്മ, തൊട്ടിയിൽ, ഉമിക്കുന്ന് | 112690 600077 | 02.11.20 | 4/21 | ഡിസംബർ 2020 മുതൽ സെപ്റ്റംബർ 21 വരെ | 15500 | നിലവിൽ സസ്പെൻഡ് ചെയ്തു. |
| 14 | ചിന്താമണി ഉമ്മ | - | 23.02.21 | 11.06.21 | മാർച്ച് 21 മുതൽ സെപ്റ്റംബർ 21 വരെ | 11100 | നിലവിൽ Active |
| 15 | നബീസ.എ, അല്ലനൂർ, പട്ടാമ്പി | 108160 201205 | 7.05.21 | - | ജൂൺ 21 മുതൽ ഒക്ടോബർ 21 വരെ | 8000 | നിലവിൽ സസ്പെൻഡ് ചെയ്തു. 22.11.21 ന് ബാങ്കിന് കത്ത് നൽകി |
| 16 | മമ്മുണ്ണി. കെ.പി, കൊപ്പത്ത് പാറമേൽ, കിഴക്കെ അങ്ങാടി | 108160 200730 | 19.05.21 | - | ജൂൺ 21 മുതൽ ഒക്ടോബർ 21 വരെ | 8000 | നിലവിൽ സസ്പെൻഡ് ചെയ്തു. 22.11.21 ന് ബാങ്കിന് കത്ത് നൽകി |
| 17 | ഖദീജത്തുൽ കുബ്റ. എൽ, നറുക്കിലയിൽ, ഹിദായത്ത് നഗർ | 108160 201533 | 16.06.21 | - | ജൂലൈ 21 , ആഗസ്റ്റ് 21 | 3200 | 22.11.21 ന് ബാങ്കിന് കത്ത് നൽകി |
| 18 | ലീലാവതി അമ്മ. എ,വാക്കട, ശങ്കരമംഗലം | 112690 200169 | 25.01.20 | - | ഫെബ്രുവരി 2020 മുതൽ ഒക്ടോബർ 2021 വരെ | 30100 | 11/21 ൽ സസ്പെൻഡ് ചെയ്തു. 22.11.21 ന് തുക തിരികെ ഈടാക്കുന്നതിന് ബാങ്കിന് കത്ത് നൽകി |
| 19 | നബീസ, നരിക്കോട്ടിൽ, ലവ്ലി | 108160 600528 | 18.06.21 | - | ജൂലൈ 2021 മുതൽ ഒക്ടോബർ 2021 വരെ | 6400 | 9.12.21 ന് തുക തിരികെ ഈടാക്കുന്നതിന് ബാങ്കിന് കത്ത് നൽകി |
| | ആകെ തിരികെ ഈടാക്കേണ്ട | | | | | 198300 | |

| | തുക | | | | | | | |
|---|---|---|---|---|---|---|---|---|

ഓഡിറ്റ് അന്വേഷണം, മറുപടി

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം 5/18.02.2022 പ്രകാരം സെക്രട്ടറിയെ അറിയിക്കുകയും ആയതിന് യഥാസമയം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സൂചിപ്പിച്ച അപാകങ്ങൾക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്നും പെൻഷൻ വിതരണ സോഫ്റ്റ് വെയർ കാലാനുസൃതമായി നവീകരിക്കുന്നതിനായി ഐ.കെ. എം ന് കത്ത് നൽകുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സാമൂഹ്യസുരക്ഷാ പെൻഷൻ അനർഹർ കൈപ്പറ്റിയാൽ സ്വീകരിക്കേണ്ട നടപടികൾ പാലിച്ചു കൊണ്ട് സർക്കാർ ഉത്തരവിന് വിധേയമായി അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്.

2. മരണപ്പെട്ടവരെയും അനർഹരെയും നിയമാനുസൃത രീതിയിൽ ഒഴിവാക്കി പെൻഷൻ വിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്.

3. മരണരജിസ്ട്രേഷന് ആധാർ നമ്പർ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ ആയി ആധാർ അധിഷ്ഠിതമായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും മരണ രജിസ്ട്രേഷൻ സമയത്ത് സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താവാണോ അല്ലയോ എന്ന് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തുന്നതിനും സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

1-24 'സുഭിക്ഷകേരളം- കിഴങ്ങ് വർഗ്ഗ കിറ്റ്'- മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 435/20-21 |
| പ്രൊജക്റ്റിന്റെ പേര് | സുഭിക്ഷകേരളം- കിഴങ്ങ് വർഗ്ഗ കിറ്റ്- ജനറൽ |
| അടങ്കൽ | 200000(തനത് ഫണ്ട്) |
| ചെലവ് | 200000(തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 യിലെ ഖണ്ഡിക 6.1(4) പ്രകാരം നെല്ല്, പച്ചില വളം, വിത്തുകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൃഷി ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ടുകളിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക വിരുദ്ധമായി കിഴങ്ങു വർഗ്ഗ വിളകളുടെ കിറ്റ് വിതരണം എന്ന പ്രൊജക്ടിനായി 1000 കിറ്റുകൾ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിൽ(കാംകോ) നിന്നും നേരിട്ട് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12, 21-2-22)മറുപടിയായി മിക്ക പഞ്ചായത്തുകളിലും സുഭിക്ഷ കേരളം പദ്ധതികൾ നടപ്പാക്കുന്നതിനാൽ നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും മതിയായ അളവിൽ വിത്തുകൾ ലഭ്യമായില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക വിധേയമായി പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

നഗരസഭാ പരിധിയിൽ നഗരസഭ നേരിട്ട് നടത്തുന്ന മുപ്പത്തിയൊന്ന് കുടിവെള്ള പദ്ധതികളാണുള്ളത്. ഈ കുടിവെള്ള പദ്ധതികളൊന്നും നാളിതുവരെ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തത് കാരണം ഭാരിച്ച നഷ്ടം തനതു ഫണ്ടിനുണ്ടാകുന്നുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറി തനതു ഫണ്ടിൽ നിന്നുള്ള ചോർച്ച കുറയ്ക്കണമെന്നുള്ള നാളിതുവരെയുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വെള്ളക്കരം ഈടാക്കുന്നതിനുള്ള ബൈലോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ പദ്ധതികളിൽ പൊതു ടാപ്പുകളൊന്നും നിലവിലില്ല. പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപ്പണി, തൊഴിലാളികളുടെ വേതനം എന്നീ ഇനങ്ങളിൽ താഴെ പറയുന്ന ചെലവുകൾ 2020-21 വർഷത്തിലുണ്ടായിട്ടുണ്ട്.

നഗര സഭ - കുടിവെള്ള വിതരണം- വരവ്- ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ

(ക്യാഷ് ബുക്ക് , വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം )

| വർഷം | വൈദ്യുതി ചാർജ് | ജീവനക്കാരുടെ വേതനം | അറ്റകുറ്റപ്പണികൾ/ മോട്ടോർ | ആകെ ചെലവ് | ആകെ വരവ് | അധിക ച്ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | വാങ്ങൽ | | | |
| 2020-21 | 5492790 | 3566785 | അറ്റകുറ്റപ്പണി 731949+ മോട്ടോർ വാങ്ങൽ 198970 AMC 416759 =1347678 | 10407253 | തൻവർഷ വരവ് 3,799,740.00 കുടിശ്ശിക 234,284.00 ആകെ- 4034024 (Afs പ്രകാരം) | 6373229/- |

തനത് ഫണ്ടിൽ നിന്നും ആവർത്തിക്കപ്പെടുന്ന ഭീമമായ ചെലവു വ്യത്യാസം പരിഹരിക്കപ്പെടുന്നതിലേക്ക് താഴെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

( A) നഗരസഭയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെയും ഓരോ കുടിവെള്ള പദ്ധതികളുടേയും പരിധിയിലുള്ള ഉപഭോക്താക്കളുടേയും വ്യക്തമായ കണക്കുകൾ ലഭ്യമാക്കി ക്രോഡീകരിച്ച് കാലികമാക്കി സൂക്ഷിക്കുക.

(B) വെള്ളക്കരം കുടിശ്ശികസംബന്ധിച്ച വ്യക്തമായ കണക്കുകൾ ഉണ്ടാക്കുകയും അത് പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തുകയും ചെയ്യുക.

(C) വെള്ളക്കരം പിരിവ് സംവിധാനം കാര്യക്ഷമമാക്കുകയും അക്കൌണ്ടിംഗ് സംവിധാനം കാലികമാക്കുകയും ചെയ്യുക

(D) അനധികൃത കണക്ഷനുകൾ ഇല്ലെന്നുറപ്പ് വരുത്തുന്നതിന് പരിശോധന കാര്യക്ഷമമാക്കുക

(E)കുടിവെള്ളം ദുരുപയോഗപ്പെടുത്തുന്നത് തടയാനുള്ള നടപടികൾ ഊർജിതപ്പെടുത്തുക.

സ.ഉ.(സാധാ) നം. 1275/2009 ത.സ്വ.ഭ.വ, തീയ്യതി 30.05.2009 ഉത്തരവിലെ മാർഗ്ഗ നിർദേശമനുസരിച്ച് മുഴവൻ കുടിവെള്ള പദ്ധതികളും ഗുണഭോക്താക്കൾക്ക് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. മുഴവൻ കുടിവെള്ള പദ്ധതികളും ഗുണഭോക്താക്കൾക്ക് രേഖാമൂലം കൈമാറാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നമ്പർ 29/25.02.2022)

1-26 വൌച്ചറുകൾക്കൊപ്പം സാംഖ്യ വൌച്ചറുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കേരളാ മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടം-ചട്ടം-3 , ഉപചട്ടം- 9 ൽ 4-വൌച്ചറുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

Inorder To Maintain The Number Series Of Vouchers, A Running Serial Number List Shall Be Maintained For Each Voucher Type, For Each Year.

എന്നാൽ മുനിസിപ്പാലിറ്റിയിൽ 2020-21 വർഷങ്ങളിൽ ഓരോ മാസാരംഭത്തിലും 1 ൽ തുടങ്ങി തൻമാസം അവസാനിക്കുന്ന തരത്തിലാണ് വൌച്ചർ നമ്പർ നൽകുന്നത്. വൌച്ചറുകൾക്കൊപ്പം സാംഖ്യ വൌച്ചറുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നില്ല. അക്കൌണ്ടിംഗ് ചട്ടങ്ങൾക്കു അനുസൃതമായി വൌച്ചറുകൾ പരിപാലിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 31/25.02.2022)

1-27 വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

സാമ്പത്തിക വർഷം നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും പട്ടാമ്പി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Post Shifting Deposit Work Details -KSEB

| Sl.No | Vr.No &Date | Cheque No.& Date | Amount |
|---|---|---|---|
| 1 | 56/06.06.20 | 000250/6.6.20 | 9131/- |
| 2 | 57/06.06.20 | 00025/6.6.20 | 13863/- |
| 3 | 89/17.06.20 | 000276/17.06.20 | 15853/- |
| 4 | 14/04.11.20 | 000457/04.11.20 | 28018/- |
| 5 | 14/06.01.20 | 000503/ 06.01.20 | 14741/- |
| 6 | 209/30.03.21 | 000643/30.03.21 | 38292/- |
| 7 | 210/30.03.21 | 000644/30.03.21 | 20005/- |

ഈ തുകകളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ 21/23.02.2022 നമ്പ്ര് അന്വേഷണക്കുറിപ്പിന് മറുപടി നൽകുകയോ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ടി തുകകളുടെ ചെലവു പുരോഗതി/ വിനിയോഗ സാക്ഷ്യ പത്രം വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-28 അഗതിരഹിത കേരളം (ആശ്രയ പദ്ധതി)- പദ്ധതിവിഹിതം ഉപയോഗപ്പെടുത്തിയിട്ടില്ല

അഗതികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് 2020-21 വർഷം സ്പിൽഓവർ ഉൾപ്പെടെ 3 പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി ഫണ്ട് കുടുംബശ്രീ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ഈ തുക നാളിതു വരെയും അഗതികൾക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഫണ്ട് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. 225/21

ആശ്രയ ജനറൽ(new)

അടങ്കൽ- 50000( വികസനഫണ്ട് പൊതു)

ചെലവ്-50000( ബിൽ നം 24/27.03.21)

സി.ഡി.എസ് അക്കൗണ്ടിൽ വരവ് വെച്ച തീയതി-30.03.21

2. 210/21

ആശ്രയ എസ്.സി.പി(S.O)

അടങ്കൽ- 100000( വികസനഫണ്ട്-)

ചെലവ്-100000( ബിൽ നം 1/20.04.20)

സി.ഡി.എസ് അക്കൗണ്ടിൽ വരവ് വെച്ച തീയതി-21.04.20

3.274/21

ആശ്രയ ജനറൽ(S.O)

അടങ്കൽ- 200000 വികസനഫണ്ട് പൊതു)

ചെലവ്-200000( ബിൽ നം 4/27.04.20)

സി.ഡി.എസ് അക്കൗണ്ടിൽ വരവ് വെച്ച തീയതി-28.04.20

ഭവന നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയ ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ പ്രകാരം തുക പാസായതിനാലാണ് ഫണ്ട് ചെലവാകാത്തത് എന്ന് കുടുംബശ്രീ അറിയിച്ചു. നിലവിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പുവർഷത്തിൽ തന്നെ തുക ചെലവഴിക്കുന്നതിന് നടപടികൾ

സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

(ഓഡിറ്റ് അന്വേഷണം നം 24/24.02.2022)

ഓഡിറ്റ് നിർദ്ദേശം

ഭക്ഷണം ,ആരോഗ്യസുരക്ഷ , ഭിന്നശേഷി സഹായം , ഭവനം , കുടിവെള്ളം വസ്ത്രം വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിലെല്ലാം സഹായത്തിനർഹരായ അഗതികൾക്കായി തുക ചെലവഴിക്കാത്തത് ഉചിതമല്ല. അഗതിരഹിതകേരളം പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും ആയത് ഭരണസമിതി ചർച്ച ചെയ്ത് യഥാസമയം തീരുമാനങ്ങൾ എടുക്കുന്നതിനും നിർദ്ദേശിക്കുന്നു.

## 1-29 പി.എം.എ.വൈ പദ്ധതി - പുരോഗതി വിലയിരുത്തൽ

രണ്ടായിരത്തി ഇരുപത്തിരണ്ടാമാണ്ടോടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുകാതാഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് PMAY (നഗരം)പദ്ധതി.

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരഭസഭ നടപ്പിലാക്കി വരുന്ന ജനറൽ, എസ്.സി.പി വിഭാഗങ്ങളിലുള്ള PMAY (നഗരം) പദ്ധതികളുടെ പുരോഗതി പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതിയുടെ യൂണിറ്റ് നിരക്ക് നിലവിൽ 400000 രൂപയാണ്. 01.04.02017 ന് ശേഷം കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകി വരുന്നത്. 6 Detailed Project Report കളിലായി ആകെ 929 ഗുണഭോക്താക്കളെ നാളിതു വരെ കണ്ടെത്തിയിട്ടുണ്ട്. 6ാം ഡി.പി.ആർ പ്രകാരമുള്ള 335 ഗുണഭോക്താക്കൾ സെപ്റ്റംബർ 2020 ൽ മാത്രം എഗ്രിമെന്റ് വച്ചിട്ടുള്ളവരാണ്. 1 മുതൽ 5 വരെ ഡി.പി.ആർ ൽ ഉൾപ്പെട്ട 594 പേരിൽ 2017 ൽ എഗ്രിമെന്റ് വച്ചിട്ടുള്ള 1ാം ഡി.പി.ആർ ലെ 12 ഗുണഭോക്താക്കളുൾപ്പെടെ 100 പേർ നിലവിലും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരായിട്ടുണ്ട്. നഗരസഭക്ക് യഥാസമയം ഫണ്ട് ലഭ്യമല്ലാത്തതിനാലും വിവിധ നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ഗുണഭോക്താക്കൾ വൈകുന്നതിനാലും ഇത്തരത്തിൽ ഭവന നിർമ്മാണം വൈകുന്നതിനിടയായിട്ടുണ്ട്.

1. യഥാസമയം ഫണ്ട് ലഭ്യമാകാത്തതിനാൽ നിർമ്മാണ ഘട്ടം പൂർത്തീകരിച്ചതായി അറിയിച്ചിട്ടും പണം നൽകുന്നതിന് കഴിയുന്നില്ല.

| ക്രമ നം | പേര് | ഗുണഭോക്തൃ വിഹിതം | ആകെ നൽകേണ്ട തുക | നാളിതുവരെ നൽകിയ തുക | ശേഷിക്കുന്ന തുക | ഡി.പി.ആർ |
|---|---|---|---|---|---|---|
| 1 | ഉമ്മയ, നടുവളപ്പിൽ | 12500 | 412500 | 372500 | 40000 | 3 |
| 2 | നബീസ, ഇട്ടിലത്തൊടി | 0 | 400000 | 360000 | 40000 | 2 |
| 3 | റംലത്ത്, മൂർക്കാട്ടു പറമ്പിൽ | 0 | 400000 | 200000 | 200000 | 1 |
| 4 | മിനി.പി, പവ്വത്ത് | 12500 | 412500 | 30000 | 382500 | 1 |
| 5 | ആതിര, ചിറയിൽ | 0 | 400000 | 360000 | 40000 | 5 |
| 6 | രജനി.യു, ഊർണി ക്കോട് | 0 | 400000 | 360000 | 40000 | 5 |
| 7 | സാബിറ, ഊർണി ക്കോട് | 0 | 400000 | 360000 | 40000 | 5 |
| 8 | റഹ്മത്ത് , കുന്നത്ത പഞ്ഞിക്കൽ | 0 | 400000 | 360000 | 40000 | 5 |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഫൗസിയ, പുത്തൻ പീടി കയിൽ | 0 | 400000 | 360000 | 40000 | 5 |
| 10 | ഷൺമുഖൻ, ചാക്യാംകുന്ന് | 0 | 400000 | 200000 | 200000 | 5 |
| 11 | റുക്കിയ, അൽമാർ വീട്ടിൽ | 0 | 400000 | 200000 | 200000 | 5 |

1ാം ഡി. പി.ആർ ൽ ഉൾപ്പെട്ടവരും വിവിധ കാരണങ്ങളാൽ ഭവനനിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിനു ശേഷം പണി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കാത്ത ക്രമ നം 3,4 ലെ ഗുണഭോക്താക്കൾ നിലവിൽ ഓരോ ഘട്ടങ്ങൾ പൂർത്തിയാക്കി അറിയിക്കുമ്പോൾ ഫണ്ട് നൽകാൻ കഴിയാത്ത സ്ഥിതി ഉണ്ട്.

2. നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാക്കാൻ വൈകുന്നതിനാൽ പണം നൽകാൻ കഴിയുന്നില്ല

2017 ൽ എഗ്രിമെന്റ് വച്ചിട്ടുള്ള 1ാം ഡി. പി.ആർ ൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പേര് | ഗുണഭോക്തൃ വിഹിതം | ആകെ നൽകേണ്ട തുക | നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാക്കിയതനുസരിച്ച് നാളിതുവരെ നൽകിയ തുക | ശേഷിക്കുന്ന തുക | ഡി.പി.ആർ |
|---|---|---|---|---|---|---|
| 1. | കാർത്യായനി. പി | 15000 | 415000 | 375000 | 40000 | 1 |
| 2. | റഹീഷാ ഹമീദ് | 37500 | 437500 | 270000 | 167500 | 1 |
| 3 | അബ്ദുൾ ഗഫൂർ | 25000 | 425000 | 385000 | 40000 | 1 |
| 4 | ഗീത | 0 | 400000 | 360000 | 40000 | 1 |
| 5 | സിന്ധു കെ.എം | 0 | 400000 | 360000 | 40000 | 1 |
| 6 | വസന്ത. ടി.പി | 0 | 400000 | 360000 | 40000 | 1 |
| 7 | സുബൈദ | 0 | 400000 | 360000 | 40000 | 1 |
| 8 | ഉമ്മാത്ത | 37500 | 437500 | 397500 | 40000 | 1 |
| 9 | അമ്മു | 15000 | 415000 | 375000 | 40000 | 1 |
| 10 | രമ | 22500 | 422500 | 370000 | 52500 | 1 |

ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് കഴിയാത്ത ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല.

3. ഓരോ ഘട്ടങ്ങളും പൂർത്തിയാക്കുമ്പോൾ സർക്കാർ നിർദ്ദേശാനുസൃതമായ വിഹിതം നൽകുന്നില്ല. ഫണ്ട് അപര്യാപ്തത മൂലം യഥാർത്ഥത്തിൽ നൽകേണ്ട ഗഡു നൽകുന്നതിന് കഴിയുന്നില്ല. 6ാം ഡി. പി. ആർ പ്രകാരമുള്ള ഗുണഭോക്താക്കൾ ഒന്നാം ഗഡു ആയി 40000 രൂപ നൽകുന്നതിന് പകരം 30000 രൂപ നൽകുന്നതിന് മാത്രമാണ് കഴിഞ്ഞിട്ടുള്ളത്. എസ്. സി ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

4 എഗ്രിമെന്റ് വ്യവസ്ഥകൾ അപൂർണ്ണം

പി.എം.എ.വൈ പദ്ധതിമാർഗ്ഗരേഖ പ്രകാരം പദ്ധതിയിൽ നിർമ്മിക്കുന്ന വീടുകളുടെ ആധാരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയുടെ പക്കൽ പദ്ധതിയുടെ അവസാനഘട്ട ആനുകൂല്യം നൽകുന്ന തീയതി മുതൽ 7 വർഷത്തേക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കരാറിൽ ഏർപ്പെടുമ്പോൾ ഈ വ്യവസ്ഥകൾ മുഴുവൻ ഉൾക്കൊള്ളിക്കുന്നില്ല. 2017 ൽ എഗ്രിമെന്റ് വക്കുകയും നാളിതു വരെയും ഭവനം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ പദ്ധതി ലക്ഷ്യം പൂർണ്ണമായും പ്രാപ്തമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് കഴിയുന്നില്ല. കൂടാതെ ഗുണഭോക്തൃവിഹിതം ഒഴിവാക്കുകയും ആകെ ധനസഹായം 300000 രൂപയിൽ നിന്നും 400000 രൂപയായി ഉയർത്തിയിട്ടും എഗ്രിമെന്റ് വ്യവസ്ഥകളിൽ ആതനുസരിച്ച് മാറ്റം വരുത്തി പുതുക്കുന്നില്ല. കരാർ കാലനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം 14/21.02.22) പദ്ധതിയുടെ നടത്തിപ്പിൽ നഗരസഭ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സഹിതമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിന് കുടുംബശ്രീ സംസ്ഥാനമിഷന് കത്ത് നൽകിയിട്ടുള്ളതായും നഗരസഭ ഫണ്ട് കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നതായും ഫണ്ട് ലഭ്യമാകുന്ന മുറക്ക് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗഡു തുകകൾ അനുവദിക്കുന്നതാണെന്നും സെക്രട്ടറി മുഖേന ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

സാമ്പത്തിക ബുദ്ധിമുട്ട് ഉള്ള ഏതാനും ഗുണഭോക്താക്കൾക്ക് എം.ഇ.എസ്. പോലെയുള്ള സന്നദ്ധസംഘടനകൾ വഴി കൗൺസിലർമാരുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സഹായങ്ങൾനൽകിയിട്ടുള്ളതായി അറിയിച്ചു. കേന്ദ്ര സംസ്ഥാനധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ബെനിഫിഷ്യറി അറ്റാച്ച്മെന്റ്, ജിയോടാഗിംഗ്, MPR അപ്ഡേഷൻ തുടങ്ങിയവ യഥാസമയം പൂർത്തീകരിച്ചിട്ടുള്ളതായും ചില സമയങ്ങളിൽ സെർവ്വർ പ്രശ്നങ്ങൾ മൂലം സൈറ്റ് കിട്ടാതാവുകയും ഓരോ ഘട്ടം ജിയോടാഗിംഗിന് സാങ്കേതിക തകരാർ മൂലം സർവ്വെയർക്ക് ഒറ്റ സൈറ്റ് തന്നെ പല തവണ സന്ദർശനം നടത്തേണ്ട സ്ഥിതിഉണ്ടാകുന്നതായും അറിയിച്ചു. നിലവിൽ ഒരു ഘട്ടത്തിന് നൽകുന്ന പ്രതിഫലത്തുക അപര്യാപ്തമാണെന്നും സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഏറ്റവും അർഹരായ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

2. ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ കുറഞ്ഞത് 7 വർഷമെങ്കിലും വസ്തു കൈമാറ്റം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-30 പദ്ധതി മാർഗരേഖയിൽ സൂചിപ്പിക്കാത്ത പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിരിക്കുന്നു.

2020-21 സാമ്പത്തികവർഷം പ്രിൻസിപ്പാൾ,GHSS,പട്ടാമ്പി നിർവ്വഹണോദ്യോഗസ്ഥയായി മുനിസിപ്പാലിറ്റിയിലെ പൊതുവിദ്യാലയങ്ങളിൽ മികച്ച വിദ്യാർത്ഥികൾക്ക് എൽ. എസ്. എസ്. / യു. എസ്. എസ്. കോച്ചിംഗ് ക്ലാസ് സംഘടിപ്പിക്കുകയും യു. എസ്. എസ് കോച്ചിംഗ് 66 വിദ്യാർത്ഥികൾക്കും എൽ.എസ്. എസ്. കോച്ചിംഗ് 91 വിദ്യാർത്ഥികൾക്കും നൽകുകകയുണ്ടായി. ആയതിനായി അധ്യാപകർക്ക് ക്ലാസ് എടുത്തതിന് വേതന ഇനത്തിൽ 20000രൂപയും ലഘുഭക്ഷണത്തിനായി 19232രൂപയും സ്റ്റേഷനറി ചാർജായി 10768രൂപയും ഉൾപ്പെടെ ആകെ 50000രൂ. ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെക്ക് നം. 679240352/ 4-11-2020, പ്രകാരം ജി.യു.പി.എസ്, പട്ടാമ്പി ഹെഡ്മാസ്റ്റർക്ക് പ്രോജക്ട് നടത്തിപ്പിനായി തുക നൽകിയിട്ടുണ്ട്.

സ.ഉ. (കൈ). നം. 17/2018/ത.സ്വ.ഭ.വ, തീയ്യതി. 2-2-2018 പ്രകാരമുള്ള മാർഗരേഖ ഖ. 7.6 പ്രകാരം വിദ്യാഭ്യാസ മേഖലയിൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മകമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും സന്നദ്ധ പ്രവർത്തകൾ, അധ്യാപകർ എന്നിവരെ ഉൾക്കൊള്ളിച്ചുള്ള പഠന പരിപോഷണം ഉൾപ്പെടെയുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനുമാണ് നഗരസഭകളെ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ വിഭാഗത്തിലൊന്നും എൽ. എസ്. എസ്. / യു. എസ്. എസ്. കോച്ചിംഗ് ഉൾപ്പെടുന്നില്ല. ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മാർഗരേഖപ്രകാരം പാടില്ലാത്തതാണ്.

ആയതിനാൽ ഈ ഇനത്തിൽ ചെലവായ തുക 50000രൂ. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ

ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 289/21- എസ്.സി. കോളനികളിൽ കുടിവെള്ള പദ്ധതി 379999 ബിൽ നം.-93/20-21/ 27-3-2021- 164225/- | 15-11-19 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 151/AEP /LSGD/ 31-3-20 പി. ഷംസുദ്ദീൻ | 3800 | 0 | 3800 |
| 2 | SO 335/21- തോണിക്കടവ് റോഡ് ഇന്റർ ലോക്കിങ്ങ് 149520 ബിൽ നം.-47/ 18-9-2020- 142148/- | 15-11-19 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 118/AEP /LSGD/ 28-2-20 എം. അലി. | 1495 | 0 | 1495 |
| 3. | SO - 282/21 - ഡിവിഷൻ നം. 12ലെ അംഗൻവാടികളുടെ നവീകരണം 99900 | 28-1-19 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 119/AEP /LSGD/ 5-3-20 സി. ഗിരീഷ് | 1000 | 0 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽ നം. 1/20-21 , 21-4 -20, 99958 രൂ./- | | | | | | |
| 4 | SO - 37/21- കൊടലൂർ 49ാം നമ്പർ അംഗൻ വാടിക്ക് റൂഫിംഗ് 49829 ബിൽ നം. 97/20-21/ 29-3-21, Rs. 49819 | 28-10-20 | 30-10-20 | 87/AEP /LSGD/ 1-1-21 സി. ഗിരീഷ് | 1000 | 0 | 1000 |
| 5 | മുളക്കപ്പറമ്പ് റോഡ് ബാക്കി ഭാഗം കോൺ ക്രീറ്റിംഗ് 99203 ബിൽ നം. 92/20-21/ 27-3-21, Rs. 99203 | 19-6-20 | 19-6-20 | 36/AEP /LSGD/ 15-7-20 ഉസ്മാൻ പി.പി. | 1000 | 0 | 1000 |
| 6 | SO 356/21- ഡിവിഷൻ നം. 13ലെ വിവിധ എസ്. സി. വീടുകളുടെ പാർശ്വഭിത്തി സംരക്ഷണം 388800 ബിൽ നം. 22/20-21/ 21-4-20 Rs. 208677 | 26-12-18 | തീയ്യതി രേഖ പ്പെടു ത്തി യിട്ടില്ല. | 79/AEP /LSGD/ 16-1-19 ഇബ്രാഹിം .ടി. | 3888 | 0 | 3888 |
| ആകെ | | | | | | | 12183 |

(ഓഡിറ്റ് എൻക്വയറി പ്രകാരം പരാമർശിച്ച SO - 186/21 മിൽമ രാജൻ പടി ബാക്കിഭാഗം റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 1000രൂ. ഈടാക്കി അടവാക്കിയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.)

ഇതുസംബന്ധമായ ഓഡിറ്റ് അന്വേഷണം നം. 7/18-2-2022ന് ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ

ഈടാക്കേണ്ട തുകകൾ കരാറുകാരിൽ നിന്നും അടവാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 12183 രൂ. ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-32 മാർഗനിർദേശങ്ങളിലെ നിബന്ധനകൾ പാലിക്കാതെ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നു.

തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് (രൂ.) |
|---|---|---|---|
| 1. | 8/21 | മുളക്കപ്പറമ്പ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് | 99203 |
| 2. | 11/21 | നായരുപറമ്പ് ബാക്കിഭാഗം റോഡ് കോൺക്രീറ്റ് | 249698 |
| 3. | 27/21 | പതിയിൽ അമീർ കൊട്ടാരം സുബൈർ റോഡ് കോൺക്രീറ്റ് | 74678 |
| 4. | 34/21 | സി.കെ.എം. കോളനി റോഡ് കോൺക്രീറ്റ് | 199016 |
| 5. | 36/21 | 47ാം അംഗൻവാടി റോഡ് കോൺക്രീറ്റ് | 140168 |
| 6. | 57/21 | ശ്രീശൈലം റോഡിൽ മുഹമ്മദ് സാലിഹ് ലിങ്ക് റോഡ് കോൺക്രീറ്റ് | 141389 |
| 7. | 61/21 | സി.എച്ച്. നഗർ കോൺക്രീറ്റ് | 98999 |
| 8. | 67/21 | ഇബ്രാഹിംപടി മുതൽ അംഗൻവാടി വരെ ടാറിങ്ങ് | 74582 |
| 9. | 70/21 | നെടുവംപാടം റോഡ് കോൺക്രീറ്റ് | 50000 |

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷം റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിങ്ങ് തുടങ്ങിയ നിർമാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമാണ പ്രവൃത്തികൾക്കും ഉപയോഗിക്കേണ്ടത്. ഇക്കാര്യങ്ങളെല്ലാം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.11.2012 ലെ നം.68228/എഫ്.എം1/2012 പ്രകാരമുള്ള സർക്കുലർ മുഖേന വ്യക്തമാക്കിയിട്ടുണ്ട്.മേൽ പ്പറഞ്ഞ പ്രവൃത്തികളിലെല്ലാം ടി നിർദേശങ്ങൾ പാലിച്ചുകാണുന്നില്ല. മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-33 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പരും പേരും: SO - 375/21 -ആനമഠം സൈതലവി റോഡ് നവീകരണം

അടങ്കൽ: – 100000, ഫണ്ടിനം: 100000വികസനഫണ്ട് (ജനറൽ)

ചെലവ്: 83875 ,  ബിൽ നം. 41/20-21 , 29-5-2019, 83875 രു.

കരാർ നം.30/AEP/18-19, Dt: 3-9-2018 -(PAC): 98413, കരാറുകാരൻ: അബ്ദുൾ അസീസ്. ടി. വി.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 29-11-2019

സ്ഥലം കൈമാറിയ തീയ്യതി. 3-9-2018

പൂർത്തീകരിച്ച തീയ്യതി: 16-3-2020 അളവു പുസ്തകം: 112/19-20

ആകെ പ്രവൃത്തി മൂല്യം: 83875

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1000 (PACയുടെ 1%- Mininmum 1000)

രണ്ടാമത്തെ  ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2000 (PACയുടെ 2%- Mininmum 2000)

ആകെ ഈടാക്കേണ്ടത്: 3000

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 3000

2. SO. 290/21- കോളനിറോഡ് ബാക്കി ഭാഗം കോൺക്രീറ്റ്

അടങ്കൽ: – 100000, ഫണ്ടിനം: 100000മെയിന്റനൻസ് ഫണ്ട് (റോഡ്)

ചെലവ്: 97685 , ബിൽ നം. 45/20-21 , 18-9-2019, 97685 രൂ.

കരാർ നം.14/AEP/19-20, Dt: 30-10-2019 -(PAC): 98104, കരാറുകാരൻ: പി. നൗഷാദ്

സ്ഥലം കൈമാറിയ തീയ്യതി. 27-4-2020 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതി സ്വീകാര്യമല്ല. എഗ്രിമെന്റ് വെച്ച് പത്തു ദിവസത്തിനുള്ളിൽ സൈറ്റ് കൈമാറണം എന്ന് G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം വ്യകതമാക്കാക്കിയിട്ടുണ്ട്. കൂടാതെ കരാറുകാരനുമായി ചമച്ചിട്ടുള്ള എഗ്രിമെന്റിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇപ്രകാരം വൈകി സ്ഥലം കൈമാറാൻ പ്രത്യേകം കാരണങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 30-1-2020

പൂർത്തീകരിച്ച തീയ്യതി: 29-6-2020 അളവു പുസ്തകം: 133/19-20

ആകെ പ്രവൃത്തി മൂല്യം: 97685

3 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1000 (PACയുടെ 1%- Mininmum 1000)

രണ്ടാമത്തെ മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2000 (PACയുടെ 2%- Mininmum 2000)

ആകെ ഈടാക്കേണ്ടത്: 3000

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 3000

3. പ്രൊജക്ട് നമ്പരും പേരും: SO - 282/21 - ഡിവിഷൻ നം. 12ലെ അംഗൻവാടികളുടെ

നവീകരണം

അടങ്കൽ: – 100000, ഫണ്ടിനം: (മെയിന്റനൻസ് ഗ്രാന്റ്)

ചെലവ്: 99958 , ബിൽ നം. 1/20-21 , 21-4 -2020, 99958 രൂ.

കരാർ നം. 119/AEP/18-19, Dt: 5-3-2019 -(PAC): 99900, കരാറുകാരൻ: സി. ഗിരീഷ്

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 4-1-2020 (ടി.എസ്. പ്രകാരം 10മാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റെവിടെയും പൂർത്തീകരണ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.)

സ്ഥലം കൈമാറിയ തീയ്യതി. 5-3-2019

പൂർത്തീകരിച്ച തീയ്യതി: 18-2-2020 അളവു പുസ്തകം: 99/19-20

ആകെ പ്രവൃത്തി മൂല്യം: 99958

10 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ രണ്ടര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1000 (PACയുടെ 1%- Mininmum 1000)

ആകെ ഈടാക്കേണ്ടത്: 1000

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 1000

4. SO - 394/21- മൂർക്കാട്ട് പറമ്പ് റോഡ് ഡ്രൈനേജ്, കോൺക്രീറ്റ്

അടങ്കൽ: - 600000, ഫണ്ടിനം: 600000മെയിന്റനൻസ് ഫണ്ട് (റോഡ്)

ചെലവ്: 517171 , ബിൽ നം. ബിൽ നം. 62/20-21/ 6-11-2020 ,517171 രൂ.

കരാർ നം.78/AEP/19-20, Dt: 7-1-2019 -(PAC): 587048, കരാറുകാരൻ: മുഹമ്മദ് അബ്ദുൾ റഹ്മാൻ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 7-9-2019ഓഡിറ്റ് എൻക്വയറി നം. 27/ 24-2-2022

പൂർത്തീകരിച്ച തീയ്യതി: 8-6-2020 അളവു പുസ്തകം: 141/19-20

ആകെ പ്രവൃത്തി മൂല്യം: 517171

8 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ 2 മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 5870 (PACയുടെ 1%- Mininmum 1000)

രണ്ടാമത്തെ 2 മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 11740 (PACയുടെ 2%- Mininmum 2000)

ആകെ ഈടാക്കേണ്ടത്: 17610

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 17610

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/ 24-2-2022 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് വിവരം നൽകി അവരിൽ ടി തുകകൾ ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട ആകെ തുക 24610രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

1-34 ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2020-21- ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും (18%) (ആകെ 281രൂ.) കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക നം. 3-1 ആയി ചേർത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/ 18-2-2022 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അവരിൽ നിന്നും തുക ഈടാക്കി അടവാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഉത്തരവാദിയായ മുനിസിപ്പൽ

എഞ്ചിനീയറിൽ നിന്നും മേൽഇനത്തിൽ സംഭവിച്ച നഷ്ടത്തുക ഈടാക്കേണ്ടതാണ്.

1-35 മരാമത്ത് പ്രവൃത്തിയുടെ ഫയലുകളിൽ കാണുന്ന പൊതു അപാകതകൾ

1) മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്),എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| 1 | SO-369/21-മുല്ലക്കപ്പറമ്പ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റിങ്ങ് | വർക്ക് ബില്ലും എം.ബുക്കും ഒഴികെ മറ്റൊന്നും സൂക്ഷിച്ചിട്ടില്ല | | | | |
| 2 | SO 82/21-വെള്ളാരം കുളങ്ങര അമ്പലം റോഡ് പാർശ്വഭിത്തി സംരക്ഷണം | ഇല്ല | - | ഇല്ല | N.A | ഇല്ല. |
| 3 | SO-117/21-നമ്പ്രം റോഡ് പുനരുദ്ധാരണം | ഇല്ല | - | ഇല്ല | N.A | ഇല്ല. |
| 4 | SO 141/21-കീഴേടത്തുപടി കോളനി കോമ്പൗണ്ട് വാൾ | ഇല്ല | - | ഇല്ല | N.A | ഇല്ല. |
| 5 | SO-51/21-മനപ്പടി റോഡ് നവീകരണം | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല. |

പ്രവൃത്തി പൂർത്തീകരണകാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ലഭ്യമായ രേഖകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരിത്താത്തതും ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നതും മൂലം പദ്ധതികളുടെ ഫലപ്രാപ്തി,സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല.

തൻവർഷം നടപ്പിലാക്കിയമരാമത്ത് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത് | | | | നടപ്പിലാക്കിയത് | | | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| പുതിയത് | സ്പിൽ ഓവർ | ആകെ | അടങ്കൽ | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| 88 | 132 | 220 | 45612783 | 37 | 67 | 104 | 19257939 | 42 |

തൻവർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 47% മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷത്തെ പുതിയ പ്രോജക്ടുകളിൽ 42 ശതമാനവും സ്പിൽഓവർ പദ്ധതികളിൽ 51ശതമാനവും ആണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണത്തിൽ വളരെ കുറഞ്ഞ ശതമാനം ആണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ അടങ്കലിന്റെ വെറും 42% മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമായിരുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ കാര്യത്തിൽപ്പോലും ധനവിനിയോഗം സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിലേക്ക് നീണ്ടുപോയതായി കാണുന്നു.സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത് ഉചിതമായ രീതിയിലും സമയബന്ധിതമായി ചെലവഴിക്കാനാണ്. ആകെയുണ്ടായിരുന്ന104വർക്ക് ബില്ലുകളിൽ 28എണ്ണവും മാർച്ച് മാസത്തിലാണ് സമർപ്പിച്ചിട്ടുള്ളത്. മുൻവർഷം മാർച്ച് മാസത്തെ ക്യൂബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ മാത്രമാണ് ഏപ്രിൽ മാസത്തിൽ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ഫണ്ടിന്റെ ഗണ്യമായ ഭാഗവും മാർച്ച് മാസത്തിന്റെ അവസാന ദിവസങ്ങളിൽ തിരക്കിട്ട് ചെലവഴിക്കുന്ന രീതി അഭിലഷണീയമല്ല. ഫണ്ട് വിനിയോഗത്തിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ചെലവഴിച്ച തുക | ബില്ലുകളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|
| 4/2014 | 6481254 | 38 | 33.6 |
| 5/2014 | 745391 | 4 | 4 |
| 6/2014 | 0 | 0 | 0 |
| 7/2014 | 0 | 0 | 0 |
| 8/2014 | 577764 | 1 | 3 |
| 9/2014 | 2640621 | 12 | 14 |
| 10/2014 | 524211 | 3 | 2 |
| 11/2014 | 907339 | 3 | 5 |
| 12/2014 | 0 | 0 | 0 |
| 1/2015 | 3150731 | 15 | 16.3 |
| 2/2015 | 0 | 0 | 0 |
| 3/2015 | 4230628 | 28 | 22 |
| ആകെ | 19257939 | 104 | |

വർഷങ്ങളായി തുടരുന്ന പദ്ധതി നിർവ്വഹണത്തിലെ ഇത്തരം വീഴ്ച തീർത്തും അംഗീകരിക്കാവുന്നതല്ല.പദ്ധതി രൂപീകരണവും നിർവ്വഹണവും ധനവിനിയോഗവും

കാര്യക്ഷമമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാമെന്നത് സംബന്ധിച്ച് ഗൌരവതരമായ ചർച്ച ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. കണക്റ്റിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല ; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുംതങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് നഗരസഭ അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. നഗരസഭയിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ -കുറവായി നിർണ്ണയിച്ചു- രൂ.6020.00 നഷ്ടം

കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. 2020-21 വർഷത്തിൽ ഫാക്ടിയോസ് ലൈസൻസ് അനുവദിച്ച സൂപ്പർ ഗ്രാനൈറ്റ്സ് എന്ന ക്രഷർ യൂണിറ്റ് സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിട്ടില്ല. വാർഷിക ഫീ ഈടാക്കിരിക്കുന്നത് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ CONCENT TO OPERATE ൽ സാക്ഷ്യപ്പെടുത്തിയ കുതിരശക്തി അടിസ്ഥാനമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര്, നമ്പർ | CONCENT TO OPERATE പ്രകാരം PCB സാക്ഷ്യപ്പെട്ട | ഈടാക്കിയ മെഷീൻഫീ | ഈടാക്കേണ്ട ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ത്തിയ കുതിര ശക്തി | | | |
| 1 | കെ ടി സെയ്തു മുഹമ്മദ് (ലൈ നം.499) സൂപ്പർ ഗ്രാനൈറ്റ്സ് , ശങ്കരമംഗലം (PCB /PLKD/ICO /F/264 /2018/22.3.18) | 1265 HP | 16780.00 (964 HP ) Receipt No: 120030100098 Dtd 24.4.20) | 200 HP -1500 + 21300.00 (1065 HP X 20) = 22800.00 | 6020.00 |

മേൽ സൂചിപ്പിച്ച പ്രകാരം നഗരസഭക്ക് 6020.00രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഈ തുക ഈടാക്കേണ്ടതാണ്.

സ്റ്റോൺ ക്രഷറുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ സൂപ്പർ ഗ്രാനൈറ്റ്സ് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികളും അറിയിക്കേണ്ടതാണ്.

2-2 ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ വാടകക്കാർക്ക് അനർഹമായ വാടക ഇളവ് - രൂ.690090.00 -തിരികെ ഈടാക്കണം

സർക്കാർ ഉത്തരവ് (സാധാ)1278/2020/ത.സ്വ.ഭ.വ തീ.29.6.20 പ്രകാരം ലോക്ക് ഡൗൺ മൂലം പ്രവർത്തിക്കാൻ കഴിയാതിരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലെ വാടകക്കാർക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വാടക ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

1)ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദം ഇല്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ.

2)വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല/ അടഞ്ഞുകിടന്നതാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് .

3)തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

4)മുകളിൽ പ്രസ്താവിച്ച നിബന്ധനകൾ പാലിച്ച് മാത്രമേ വാടക ഇളവ് അനുവദിക്കുന്നുള്ളൂ എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ലോക്ക് ഡൗൺ കാലയളവിൽ തുറന്ന് പ്രവർത്തിക്കുവാൻ അനുവാദമുള്ള സ്ഥാപനങ്ങൾക്ക് നഗരസഭയുടെ 29.9.20 ലെ ഭരണസമിതി യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരം 4/20,5/20,6/20 എന്നീ മാസങ്ങളിലെ വാടക ഇളവ് അനുവദിച്ചിട്ടുണ്ട്

വാടക ഇളവ് അനുവദിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം

26/24.2.2022 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും , വാടക ഇളവ് അനുവദിക്കുന്നതിനായി നഗരസഭ രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ട് , സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം വാടക ഇളവ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല/അടഞ്ഞുകിടന്നതാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലവും അപേക്ഷയും എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവ് (സാധാ)1278/2020/ത.സ്വ.ഭ.വ തീ.29.6.20 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ (എൻ എം എസ്) താഴെ പറയുന്ന വാടകക്കാർക്ക് വാടക ഇളവ് അനുവദിച്ചത് മൂലം നഗരസഭ ഫണ്ടിന് 690090.00 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം | ലൈസൻസിയുടെ പേര് | കട മുറി നം | വ്യാപാരത്തിന്റെ സ്വഭാവം | ഇളവ് അനുവദിച്ച തുക |
|---|---|---|---|---|
| 1 | ഉമ്മർ | 2 | ചിക്കൻ സ്റ്റാൾ | 39690.00 |
| 2 | ഹുസൈൻ | 4 | ചിക്കൻ സ്റ്റാൾ | 39690.00 |
| 3 | അബ്ദുൾ സത്താർ | 8 | ഫിഷ് സ്റ്റാൾ | 44652.00 |
| 4 | മുഹമ്മദ് കോയ | 10 | ഉണക്ക മീൻ | 26790.00 |
| 5 | അഷറഫ് | 11 | ഫിഷ് സ്റ്റാൾ | 39690.00 |
| 6 | മുഷ്ത്താക്ക് അലി | 12 | ഫിഷ് സ്റ്റാൾ | 40683.00 |
| 7 | ഷൗക്കത്ത് അലി | 13 | ചിക്കൻ സ്റ്റാൾ | 39690.00 |
| 8 | സിലേഷ് | 15 | ചിക്കൻ സ്റ്റാൾ | 31500.00 |
| 9 | കബീർ | 16 | ഫിഷ് സ്റ്റാൾ | 34728.00 |
| 10 | നിഷാദ് | 14 | ഫിഷ് സ്റ്റാൾ | 41343.00 |
| 11 | തരീക്കുട്ടി | 18 | മീറ്റ് സ്റ്റാൾ | 33339.00 |
| 12 | മുഹമ്മദ് ബഷീർ | 19 | മീറ്റ് സ്റ്റാൾ | 33339.00 |
| 13 | അഹമ്മദുണ്ണി | 20 | ഫിഷ് സ്റ്റാൾ | 40020.00 |
| 14 | അബ്ദുൾ റഷീദ് | 21 | ഫിഷ് സ്റ്റാൾ | 40683.00 |
| 15 | സക്കീർ | 22 | മീറ്റ് സ്റ്റാൾ | 45150.00 |
| 16 | റഷീദ് | 25 | ഫിഷ് സ്റ്റാൾ | 40353.00 |
| 17 | അബ്ദുൾ കാദർ | 1-8 FF | ചിക്കൻ സ്റ്റാൾ | 78750.00 |
| ആകെ | | | | 690090.00 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 26/24.2.2022 ന് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ *"നഗരസഭ മാർക്കറ്റിൽ വിവിധ സമയങ്ങളിൽ ക്ലസ്റ്ററുകൾ രൂപംകൊള്ളുകയും വിവിധ സമയങ്ങളിലായി സ്റ്റാളുകൾ അടച്ചിടേണ്ടി വന്നതിനെത്തുടർന്ന് ലൈസൻസികൾ അപേക്ഷ നൽകിയത് പരിഗണിച്ച് ബഹു.കൗൺസിൽ മാർക്കറ്റ് സ്റ്റാളുകളിലെ ലൈസൻസികൾക്ക് മൂന്ന മാസത്തെ വാടകയിളവ് നൽകിയത് . ടി ലൈസൻസികൾക്ക് നോട്ടീസ് മുഖാന്തിരം അറിയിപ്പ് നൽകി വാടക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും അടവാക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതുമാണ്"* എന്നാണ്.

സംസ്ഥാന ആരോഗ്യ-കുടുംബ ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ Https://dhs.kerala.gov.in ലെ വിവരങ്ങൾ പ്രകാരം പട്ടാമ്പി മേഖലയിൽ കോവിഡ് ക്ലസ്റ്റർ രൂപപ്പെട്ടത് 18.07.20 ന മാത്രമാണ്. (Https://dhs.kerala.gov.in/wp-content/uploads/2020/08/Report-State-

Report-on-CLUSTERs-vol-II-Aug-2020.docx.pdf ) നഗരസഭ ന്യൂ മാർക്കറ്റ് കോംപ്ലക്സിലെ ലൈസൻസികൾക്ക് 29.9.20 ലെ ഭരണസമിതി യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരം വാടക ഇളവ് അനുവദിച്ചത് 2020 ഏപ്രിൽ, മെയ് , ജൂൺ എന്നീ മാസങ്ങളിലേക്കാണ്.

സർക്കാർ ഉത്തരവ് (സാധാ)1278/2020/ത.സ്വ.ഭ.വ തീ.29.6.20 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും, ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമുണ്ടായിരുന്നതുമായ സ്ഥാപനങ്ങൾക്ക് വാടകയിന്മേൽ ഇളവ് അനുവദിച്ച നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അനർഹമായി അനുവദിച്ച വാടക ഇളവ് രൂ.690090.00 ബന്ധപ്പെട്ട വാടകക്കാരിൽ നിന്നോ/ വാടകക്കാരുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നോ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബിറ്റുമിൻ ബാരൽ വില ഈടാക്കാതെ ഫൈനൽ ബിൽ നൽകിയിരിക്കുന്നു. നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.

2020-21- ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും (18%) (ആകെ 281രൂ.) കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ (Kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 281/- |
|---|---|---|---|---|---|
| 1 | 338/21- സ്നേഹ വീഥി റോഡ് റീടാറിങ്ങ്, നിയാസ് . വി | ബിൽ നം.-51/ 18-9-2020- 200000/- MB No. 110/19-20 | VG-30- 500.07/156 =4<br>RS1- 65.175/182 =1<br>SS1- 201.45/ 200 = 1 | 6 | 1686 |
| 2 | ആമയൂർ ബാക്കി ഭാഗം | ബിൽ നം.-50/ | VG-30- 974.8/156 | 8 | 2248 |

| | | | | | |
|---|---|---|---|---|---|
| | റോഡ് റീടാറിംഗ് നിയാസ് . വി | 18-9-2020-147983/- MB No. 118/19-20 | =7 RS1-103.90/182 =1 | | |
| 3 | ചോലയിൽ മുഹമ്മദ് കുട്ടി റോഡ് റീടാറിംഗ് ഹംസ. എൻ. ടി | ബിൽ നം.-48/ 18-9-2020-100000/- MB No. 110/18-19 | VG-30-730.94/156 =5 RS1-100.114/ 182=1 SS1-309.44/ 200= 2 | 8 | 2248 |
| 4 | കൽപ്പക റോഡ് റീടാറിംഗ് മുഹമ്മദ് റഫീക്ക് | ബിൽ നം.-29/ 21-4-2020-298712/- MB No. 65/19-20 | VG-30-2273.06/156 =15 RS1-206.55/ 182=2 | 17 | 4777 |
| 5 | കെ.ഇ. തങ്ങൾ റോഡ് റീടാറിംഗ് ടി.എം. റഫീഖ് | ബിൽ നം.-24/ 21-4-2020 200000/- MB No. 71/19-20 | VG-30-1516.54/ 156=10 RS1-134,973 /182=1 | 11 | 3091 |
| 6 | തെക്കുമുറി മുതൽ അലിയാമു ഹ്ലോൽ മിൽ വരെ റോഡ് റീടാറിംഗ് നൗഷാദ് .പി. | ബിൽ നം.-38/ 18-2-2021-198371/- MB No. 62/19-20 | VG-30-1433.76/156 =10 RS1-130.19/ 182=1 | 11 | 3091 |
| 7 | ഡിവിഷൻ 13ലെ വിവിധ പ്രദേശങ്ങളിൽ റോഡ് മെയിന്റനൻസ് മുഹമ്മദ് റഫീഖ് .ടി.എം. | ബിൽ നം.-102/ 31-3-2021-199906/- MB No. 75/120-21 | VG-30-1388.85/156 =9 RS1-135.16/182 =1 | 10 | 2810 |
| 8 | ഡിവിഷൻ 4 ലെ വിവിധ | ബിൽ നം.-86/ | VG-30-1442.31/156 | 11 | 3091 |

| | | | | | |
|---|---|---|---|---|---|
| | പ്രദേശങ്ങളിൽ റോഡ് മെയിന്റനൻസ്-റീടാറിംഗ് നൗഷാദ്.പി. | 18-3-2021-199150/-MB No. 53/20-21 | =10 RS1-135.11/182 =1 | | |
| 9 | തോട്ടുങ്ങൽ വള്ളൂർ റോഡ് റീടാറിംഗ് നിയാസ്. വി. | ബിൽ നം.-52/ 18-9-2020-399802/- MB No. 121/19-20 | VG-30-2017.798/156 =13 RS1-209.906 /182=2 SS1- 186.15/ 200 =1 | 16 | 4496 |
| | ആകെ | | | | 27538 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/ 18-2-2022 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അവരിൽ നിന്നും തുക ഈടാക്കി അടവാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും മേൽഇനത്തിൽ സംഭവിച്ച നഷ്ടത്തുക 27538 രൂ. ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുകൾ ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക |
|---|---|---|---|---|
| KSEB | വിവിധ പ്രദേശങ്ങളിലെ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപി ക്കൽ | 000250/6.6.20 | 9131/- | വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല |
| | | 00025/6.6.20 | 13863/- | |
| | | 000276/ 17.6.20 | 15853/- | |
| | | 000457/04.11.20 | 28018/- | |
| | | 000503/ 6.1.20 | 14741/- | |
| | | 000643/30.3.21 | 38292/- | |
| | | 000644/30.3.21 | 20005/- | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം നഗരസഭക്ക് വായ്പയിനത്തിൽ 5000000രൂപ വരവുണ്ട്.തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY HUDCO | TRO/PRG /69/2016/ 173 Dt 08.05.2017 | 5000000 | 76660000 | 5426667 | - | 71233333 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-11 | 22883 | ഫിലിപ്പോസ് പണിക്കർ, മുനിസിപ്പൽ എഞ്ചിനീയർ | 120030119225/ 22.03.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2017-18 ഖ.3.16 | 2019-20 ഖ.3.1.1 | റെയിൽവെ ഫുട് ഓവർബ്രിഡ്ജ് നിർമ്മാണം-നടപടിക്രമങ്ങൾ | അന്തിമ തീരുമാനം |

| | | | | |
|---|---|---|---|---|
| | | | പാലിക്കാതെ തുക അനുവദിച്ചതിനാൽ 425415 രൂപയുടെ നഷ്ടം | ലഭ്യമായിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 48149328 |
| ഓഡിറ്റ് വർഷത്തെ വരവ് | 138134287 |
| ആക | 186283615 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 159496603 |
| നീക്കിയിരിപ്പ് | 26787012 |
| വരവിനങ്ങളിലുള്ള നഷ്ടം | 696110 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6020 | | വി.വി.ലതേഷ് കുമാർ, സെക്രട്ടറി |
| 2-2 | 690090 | | വിജയകുമാർ വി.എസ്, സെക്രട്ടറി ഇൻ ചാർജ് |
| 3-1 | | 27538 | വി.പി. അബൂബക്കർ (അസി.എഞ്ചിനീയർ ഇൻ ചാർജ്)- 7868 രൂപ വിജയകുമാർ വി.എസ്- 19670 രൂപ |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 12183 | വി.പി. അബൂബക്കർ (അസി.എഞ്ചിനീയർ ഇൻ ചാർജ്)- 4888 രൂപ<br>വിജയകുമാർ വി.എസ്, (അസി.എഞ്ചിനീയർ ഇൻ ചാർജ്)-7295രൂപ |
| 1-33 | 24610 | വി.പി. അബൂബക്കർ (അസി.എഞ്ചിനീയർ ഇൻ ചാർജ്)-4000 രൂപ<br>വിജയകുമാർ വി.എസ്- 20610രൂപ |

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 50000 | ശ്രീമതി. കെ.ബി.പ്രീത, പ്രിൻസിപ്പൽ,<br>ജി.എച്ച്.എസ്.എസ്, പട്ടാമ്പി |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-1 -4957/- രൂപ

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.പി. അബൂബക്കർ, മുനിസിപ്പൽ എഞ്ചിനീയർ | റിട്ടയേർഡ് | വെള്ളത്തും പറമ്പിൽ വീട് ചെറുകുടങ്ങാട് പള്ളിപ്പുറം പട്ടാമ്പി |

| | | |
|---|---|---|
| | | പാലക്കാട് ജില്ല |
| വിജയകുമാർ വി.എസ് മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി | നികുഞ്ജം, കുറിച്ചിയിൽ, ഒരോട്ടം കവല നെയ്യാറ്റിൻ കര, തിരുവനന്തപുരം ജില്ല |
| ലതീഷ് കുമാർ വി.വി മുനിസിപ്പൽ സെക്രട്ടറി | അസി.സെക്രട്ടറി,തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | വരിക്കാട്ട് വീട് എറയംകുടി, ഭഗവതി ക്ഷേത്രത്തിന് സമീപം,കല്ലൂർ, തെക്കുംമുറി,തൃശ്ശൂർ-680308 |
| പ്രീത കെ.ബി പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് | പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ്, എരുമപ്പെട്ടി, തൃശ്ശൂർ ജില്ല | പുന്നക്കൽ വീട്, തളി പി.ഒ, തൃശ്ശൂർ ജില്ല പിൻ-680585 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 |
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 |
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 |

| | | |
|---|---|---|
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 |
| 2011-12 | എൽ.എഫ്.പി13-1809/13/18-3-2014 | 4 |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 |
| 2015 നവംബറിൽ നഗരസഭ നിലവിൽ വന്നതിന് ശേഷമുള്ള ഓഡിറ്റ് റിപ്പോർട്ടികൾ ചുവടെ ചേർക്കുന്നു | | |
| 2015-16 | കെ.എസ്.എ പി.കെ.ഡി 22/166 /17/14.02.17 | 15 |
| 2016-17 | കെ.എസ്.എ പി.കെ.ഡി 22/2011/ 17/20.11.17 | 32 |
| 2017-18 | കെ.എസ്.എ പി.കെ.ഡി 22/2011/ 17/20.11.17 | 39 |
| 2018-19 | കെ.എസ്.എ പി.കെ.ഡി-22/592 /2020/12-05-2020 | 31 |
| 2019-20 | കെ.എസ്.എ പി.കെ.ഡി-22/622 /2022/11-04-2022 | 21 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Municipality<br>PattambiBALANCE SHEET | | | |
|---|---|---|---|
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52151528.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 106127.00 |
| 312000000 | Reserves | B-3 | 61020665.00 |
| | Total Reserve & Surplus | | 113278320.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13381656.00 |
| | Total Grants, Contributions for Specific Purposes | | 13381656.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 65179533.00 |
| | Total Loans | | 65179533.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 16925263.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 6816540.00 |
| | Total Current Liabilities and Provisions | | 23741803.00 |
| | TOTAL LIABILITIES | | 215581312.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 94145515.00 |
| 411000000 | Accumulated Depreciation | B-11 | -17056374.00 |
| 412000000 | Capital Work in Progress | B-11 | 50000.00 |
| | Total Fixed Assets | | 77139141.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 64100.00 |
| 431000000 | Sundry Debtors (Receivables) | B-15 | 31366699.00 |
| 440000000 | Pre-paid Expenses | B-16 | 65173333.00 |
| 450000000 | Cash and Bank Balance | B-17 | 26787012.00 |
| 460000000 | Loans, Advances and Deposits | B-18 | 15051027.00 |
| | Total Current Assets, Loans and Advances | | 138442171.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 215581312.00 |

Pattambi Municipality

INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 29868791.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | I-2 | 500.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7350000.00 |
| 140000000 | Fee & User Charges | I-4(b) | 11432381.00 |
| 150000000 | Sale & Hire Charges | I-5(b) | 562217.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 157223431.00 |
| 171000000 | Interest Earned | I-8 | 411328.00 |
| 180000000 | Other Income | I-9 | 11162.00 |
| | Total Income | | 206859810.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 27828410.00 |
| 220000000 | Administrative Expenses | I-11(b) | 7374927.00 |
| 230000000 | Operations & Maintenance | I-12(b) | 18869970.00 |
| 240000000 | Interest & Finance Charges | I-13 | 16479.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 115711228.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 11620357.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 7731209.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14 | 4127070.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 0.0 |
| 272000000 | Depreciation | I-17(a) | 6700616.00 |
| | Total Expenditure | | 199980266.00 |

| | | | |
|---|---|---|---|
| Pattambi Municipality<br>RECEIPT & PAYMENT STATEMENT | | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 48149328.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 5687967.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | RP-2 | 500.00 |
| 140000000 | Fees & User Charges | RP-4 | 3538106.00 |
| 150000000 | Sale & Hire Charges | RP-5 | 562217.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 52228293.00 |
| 171000000 | Interest Earned | RP-8 | 411328.00 |
| 180000000 | Other Income | RP-9 | 7440.00 |
| 310000000 | Panchayat Fund | RP-21 | 148404.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 26668811.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 20110191.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 17290790.00 |
| 330000000 | Secured Loans | RP-25 | 5000000.00 |
| 340000000 | Deposits Received | RP-27 | 1477368.00 |
| 350000000 | Other Liabilities | RP-29 | 4356439.00 |
| 410000000 | Fixed Assets | RP-31 | 566595.00 |
| 460000000 | Loans, Advances and Deposits | RP-41 | 79838.00 |
| | Grand total | | 186283615.00 |
| | PAYMENTS | | |
| | Cash | | Cash |
| 210000000 | | Grand Total | |
| 220000000 | Administrative Expenses | RP-11 | 1880891.00 |
| 230000000 | Operations & Maintenance | RP-12 | 16992619.00 |
| 240000000 | Interest & Finance Charges | RP-13 | 16461.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 54143792.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 15379575.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 4127070.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 0.0 |
| 272000000 | Depreciation | RP-18 | 0.0 |
| | 252000000 | Decentralised Plan Programme-Infrastructure Sector | RP-46 |
| 341000000 | Deposit Works | RP-28 | 38847.00 |
| 350000000 | Other Liabilities | RP-29 | 7882320.00 |
| 430000000 | Stock-in-hand | RP-36 | 56570.00 |
| | Non Operating | | |
| 280000000 | Cash | Cash | RP-40(b) |
| 253000000 | | Grand Total | |
| 311000000 | Earmarked Funds | RP-22 | 45.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1080.00 |
| 330000000 | Secured Loans | RP-25 | 0.0 |
| 340000000 | Deposits Received | RP-27 | 825226.00 |
| 350000000 | Other Liabilities | RP-29 | 16348346.00 |
| 410000000 | Fixed Assets | RP-31 | 13860139.00 |
| 412000000 | Capital work in Progress | RP-33 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 15352117.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26787012.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 186283615.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ